പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## നാലാമത് റിപ്പോർട്ട്

**(വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ സംബന്ധിച്ച്)**

(2017 മാർച്ച് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

**നാലാമത് റിപ്പോർട്ട്**

(വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ സംബന്ധിച്ച്)

281/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

# (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എസ്. ശർമ്മ

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ.സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി രമാദേവി അമ്മ എസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2017 മാർച്ച് 13-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു

തിരുവനന്തപുരം,
2017 മാർച്ച് 15.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## വൻകിട-ഇടത്തരം ജലസേചനം

### ആമുഖം

കൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയും അനുഗ്രഹീതമായ കാലവർഷവും കേരളത്തിലെ വിളകൾക്ക് ആവശ്യമായ വെയിലും വെള്ളവും പ്രദാനം ചെയ്യാൻ പര്യാപ്തമായിരുന്നു. ഇത് കേരളത്തെ കാർഷികാടിസ്ഥാന സമ്പദ്ഘടനയായി കാലങ്ങളോളം നിലനിർത്തി. എന്നാൽ ഇന്ന് നാം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളായ വനനശീകരണവും ജലദൗർലഭ്യവും കാർഷികവൃത്തിയെ ആകെ തകിടം മറിച്ചിരിക്കുന്നു. കുളങ്ങളുടേയും തടാകങ്ങളുടേയും പുഴകളുടേയും നദികളുടേയും നാടായ ദൈവത്തിന്റെ സ്വന്തം നാടും ജലദൗർലഭ്യ ഭീഷണിയിലാണ്. ഒരു കാലത്ത് കേരളത്തിലെ കുളങ്ങളുടെയും തോടുകളുടെയും നിബിഡ വനങ്ങളുടെയും സാന്നിദ്ധ്യം ജലസമ്പത്തിനെ സംരക്ഷിച്ചുനിർത്താൻ പര്യാപ്തമായിരുന്നു. ഭൂമിയിൽ വരും തലമുറയുടെ നിലനിൽപ്പ് സുസാധ്യമാക്കുംവിധം പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്തുന്നതിന് നമ്മുടെ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്.

44 നദികളാൽ അനുഗ്രഹീതമായ കേരളം ജലസമ്പന്നമാണെന്ന് തോന്നുമെങ്കിലും വർഷത്തിൽ പകുതിയും സംസ്ഥാനത്ത് കുടിവെള്ളത്തിനുപോലും കടുത്ത ക്ഷാമം അനുഭവപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്. അതിരൂക്ഷമായ വരൾച്ചമൂലം കാർഷിക മേഖല ആകെ താറുമാറായിരിക്കുന്നു. നെൽകർഷകർ മറ്റു കൃഷികളിലേക്ക് മാറിപ്പോകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കേരളത്തിൽ ശരാശരി 3000 മി.മീറ്റർ മഴ ലഭിക്കുന്നുണ്ടെങ്കിലും വർഷത്തിൽ പകുതി മാസങ്ങളും സംസ്ഥാനം രൂക്ഷമായ വരൾച്ചയെ നേരിടുകയാണ്. ധാരാളമായി മഴ ലഭിക്കുന്നുണ്ടെങ്കിലും മഴവെള്ളത്തിന്റെ സിംഹഭാഗവും ഒഴുകിപ്പോകുന്നതിനാലാണ് ഇത്തരത്തിലുള്ള അവസ്ഥയുണ്ടാകുന്നതെന്ന് നമുക്ക് മനസ്സിലാക്കാം. നദികളാൽ സമ്പന്നമായ കേരളത്തിന് ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെ രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമം മൂലം ഉണ്ടാകുന്ന പ്രതിസന്ധികളും ഒരു പരിധിവരെ മറികടക്കാൻ കഴിയുമെന്നുള്ളത് നിസ്തർക്കമാണ്. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ നദികളിൽ വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയും പോഷക നദികളിലും തോടുകളിലും തടയണകൾ പോലുള്ള സംവിധാനങ്ങൾ ഒരുക്കിയും പാഴായിപ്പോകുന്ന ജലം നമുക്ക് കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കുമായി ഫലപ്രദമായി വിനിയോഗിക്കാം.

കുടിവെള്ളത്തിനും കാർഷികാവശ്യങ്ങൾക്കും കടുത്ത ജലദൗർലഭ്യം അനുഭവപ്പെടുന്ന നമ്മുടെ നാട്ടിൽ ജലസംരക്ഷണത്തിന്റെ ആവശ്യകത ഏറെ പ്രസക്തമായ സാഹചര്യത്തിലാണ് എസ്റ്റിമേറ്റ്സ് കമ്മിറ്റി വൻകിട-ഇടത്തരം ജലസേചനം സംബന്ധിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ്സുകൾ പരിശോധിക്കുവാൻ തീരുമാനിച്ചത്. പഠനത്തിന്റെ ഭാഗമായി സമിതി പഴശ്ശി ജലസേചന പദ്ധതി, നെയ്യാർ ഡാം, പറമ്പിക്കുളം പദ്ധതി പ്രദേശം എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് സമിതി തിരുവനന്തപുരത്ത് വച്ച് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പും നടത്തി. പ്രസ്തുത സന്ദർശനങ്ങളിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ, ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ, വകുപ്പ് ലഭ്യമാക്കിയ വിവരങ്ങൾ, വിഷയം സംബന്ധിച്ച് സമിതി നടത്തിയ പഠനങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയതും സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതുമാണ് ഈ റിപ്പോർട്ട്.

## വകുപ്പിന്റെ ഘടനയും പ്രവർത്തനവും

### പ്രവർത്തനങ്ങൾ

(1) കൃഷിക്കാവശ്യമായ ജലം എത്തിക്കുക എന്നതാണ് ജലവിഭവ വകുപ്പിന്റെ പ്രധാന ലക്ഷ്യം. ഇതിനായി വകുപ്പ് വൻകിട-ഇടത്തരം-ചെറുകിട ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും പൂർത്തീകരിച്ച പദ്ധതികളുടെ പരിപാലനം നടത്തുകയും ചെയ്യുന്നു. പൂർത്തീകരിക്കപ്പെട്ട 19 ജലസേചനപദ്ധതികളിലൂടെ 4.55 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജലസംരക്ഷണം ലക്ഷ്യമാക്കി സംസ്ഥാനത്തെ സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും വകുപ്പ് നടപ്പിലാക്കുന്നു. കൂടാതെ വെള്ളപ്പൊക്കനിയന്ത്രണം, കടലാക്രമണപ്രതിരോധ പ്രവർത്തനങ്ങൾ, ഉൾനാടൻ ജലഗതാഗത മേഖലയിലെ അടിസ്ഥാന സൗകര്യവികസനം, ഏകോപനം, ജലപാതയുടെ വികസന പ്രവർത്തനങ്ങൾ എന്നിവയും വകുപ്പിന്റെ ചുമതലകളാണ്. വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതികളുടെ പര്യവേഷണം, രൂപകല്പന തയ്യാറാക്കൽ, ഇറിഗേഷൻ സ്ട്രക്ചറുകളുടെയും പാലങ്ങളുടെയും ബിൽഡിംഗുകളുടെയും ഡിസൈൻ ജോലികൾ, പദ്ധതി പ്രദേശത്തെ ടൂറിസം സംബന്ധിച്ച ജോലികൾ, ഡാമിന്റെ പുനരുജ്ജീവനം, ഡാമിന്റെ സുരക്ഷ, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം സംബന്ധിച്ച ജോലികൾ, അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച ജോലികൾ എന്നിവയും വകുപ്പ് നിർവ്വഹിച്ചുവരുന്നു. കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഗവേഷണസ്ഥാപനമാണ് പീച്ചിയിലെ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. വകുപ്പിലെ ജോലികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ വിഭാഗവും പ്രവർത്തിക്കുന്നു.

(2) ജലസേചന വകുപ്പിന്റെ ഭരണനിർവ്വഹണത്തിന്റെ ചുമതല ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ടെ നിയന്ത്രണത്തിലാണ്. കൂടാതെ ചീഫ് എഞ്ചിനീയർ I, കോഴിക്കോട്., ചീഫ് എഞ്ചിനീയർ II, തിരുവനന്തപുരം., ചീഫ് എഞ്ചിനീയർ ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ, തിരുവനന്തപുരം., ചീഫ് എഞ്ചിനീയർ, കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി, തൃശ്ശൂർ., ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ, തിരുവനന്തപുരം എന്നീ ഓഫീസുകളും പ്രവർത്തിക്കുന്നു.

(3) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഭരണം), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജലസേചനം), സീനിയർ ഫിനാൻസ് ഓഫീസർ, ലീഗൽ ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥവൃന്ദം ചീഫ് എഞ്ചിനീയറെ കൃത്യനിർവ്വഹണത്തിൽ സഹായിക്കുന്നു.

(4) ഈ ഓഫീസിന് കീഴിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന ഓഫീസുകളും പ്രവർത്തിച്ചുവരുന്നു:

1. ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരം
2. ഇറിഗേഷൻ മദ്ധ്യമേഖല, തൃശ്ശൂർ
3. ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോട്
4. മൈനർ ഇറിഗേഷൻ സർക്കിൾ, തിരുവനന്തപുരം
5. മൈനർ ഇറിഗേഷൻ സർക്കിൾ, എറണാകുളം
6. മൈനർ ഇറിഗേഷൻ സർക്കിൾ, കോഴിക്കോട്.

(5) സംസ്ഥാനത്തെ വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ ചുമതല ചീഫ് എഞ്ചിനീയർ പ്രോജക്ട് II-ൽ നിക്ഷിപ്തമായിരിക്കുന്നു. ജലസേചന വകുപ്പിന്റെ വൻകിട പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും ഡിസൈനും റിസർച്ചും ചീഫ് എഞ്ചിനീയർ (ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ)-ലും പൂർത്തീകരിച്ച വൻകിട ഇടത്തരം പദ്ധതികളുടെ ആയക്കെട്ട് വികസനം ചീഫ് എഞ്ചിനീയർ, കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി, തൃശ്ശൂർ-ലും നിക്ഷിപ്തമാണ്.

## ചീഫ് എഞ്ചിനീയർ, കാവേരി സെൽ, കോഴിക്കോട്

(മുറപ്രകാരം ചീഫ് എഞ്ചിനീയർ പ്രോജക്ട് I)

(6) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള വൻകിട-ഇടത്തരം ജലസേചനപദ്ധതികൾ ചീഫ് എഞ്ചിനീയർ പ്രോജക്ട് I-ൽ നിക്ഷിപ്തമാണ്. മലമ്പുഴ, മംഗലം, പോത്തുണ്ടി, ഗായത്രി, വാളയാർ, ചിറ്റൂർപുഴ, കുറ്റ്യാടി, പഴശ്ശി, കാഞ്ഞിരപ്പുഴ, റഗുലേറ്റർ-കം-ബ്രിഡ്ജ് തൃത്താല എന്നിവയാണ് ഈ മേഖലയിൽ പണി പൂർത്തിയാക്കിയ പദ്ധതികൾ. കാരാപ്പുഴ, ബാണാസുരസാഗർ, അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്, ബാരേജ്-കം-ബ്രിഡ്ജ് ചമ്രവട്ടം, കരിയാർകുട്ടി-കാരപ്പാറ പ്രോജക്ട്, പലകപ്പാണ്ടിഡൈവേർഷൻ പദ്ധതി എന്നിവയാണ് നടപ്പ് പദ്ധതികൾ. കിഴക്കോട്ടൊഴുകുന്ന മൂന്ന് നദികളിൽ വരുന്ന പദ്ധതികളും ചീഫ് എഞ്ചിനീയർ പ്രോജക്ട് I-ന്റെ കീഴിലാണ്.

(7) ചീഫ് എഞ്ചിനീയർ പ്രോജക്ട് I-ന് കീഴിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ പ്രോജക്ട് സർക്കിൾ, കണ്ണൂർ; ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നു.

## ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II, തിരുവനന്തപുരം.

(8) തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെ സംസ്ഥാനത്തിന്റെ തെക്കൻ മേഖലയിലെ വൻകിട ഇടത്തരം ജലസേചന പദ്ധതികൾ ചീഫ് എഞ്ചിനീയർ, പ്രോജക്ട് II-ൽ നിക്ഷിപ്തമായിരിക്കുന്നു. പൂർത്തീകരിച്ച വൻകിട പദ്ധതികൾ ചാലക്കുടി, നെയ്യാർ, ചിമ്മിനി, പമ്പ, പീച്ചി, പെരിയാർ വാലി ഇറിഗേഷൻ പദ്ധതി എന്നിവയും ഇടത്തരം പദ്ധതികൾ വാഴാനിയും ചീരക്കുഴിയുമാണ്. ഇടമലയാർ, മൂവാറ്റുപുഴ എന്നിവ വൻകിട നടപ്പുപദ്ധതികളാണ്. ലോക ബാങ്ക് സഹായത്തോടെയുള്ള നാഷണൽ ഹൈഡ്രോളജി പ്രോജക്ടും കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലട പദ്ധതിയും ചീഫ് എഞ്ചിനീയർ, പ്രോജക്ട് II-ന്റെ കീഴിലാണ്.

(9) ഈ ഓഫീസിന് കീഴിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ പ്രോജക്ട് സർക്കിൾ, പിറവം; പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ; കെ.ഐ.പി. (ആർ.ബി.) സർക്കിൾ, കൊട്ടാരക്കര എന്നീ ഓഫീസുകളും പ്രവർത്തിക്കുന്നു.

## ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ (ഐ.ഡി.ആർ.ബി.), തിരുവനന്തപുരം

(10) ജലസേചന വകുപ്പിന്റെ വൻകിട പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും ഡിസൈനും, റിസർച്ചും ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈനിൽ നിക്ഷിപ്തമാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർ പദവിക്ക് തുല്യമായ ഡയറക്ടർ (ഡിസൈൻ)-ക്ക് കീഴിലാണ് ഡിസൈൻ വിഭാഗം പ്രവർത്തിക്കുന്നത്. റിസർച്ച് വിഭാഗമായ പീച്ചിയിലെ കേരള എഞ്ചിനിയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സൂപ്രണ്ടിംഗ് എഞ്ചിനീയർ പദവിക്ക് തുല്യമായ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്നു. ജലസേചന വകുപ്പിന്റെ മുഖ്യ ഡിസൈൻ വിഭാഗമായ ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിന്റെ (ഐ.ഡി.ആർ.ബി.) കീഴിൽ ഡാമുകളുടെയും ഇറിഗേഷൻ സ്ട്രക്ചേഴ്സിന്റെയും ഡിസൈൻ, ഡാം സുരക്ഷ, നിരീക്ഷണം, അന്തർസംസ്ഥാന ജലതർക്കം, ഹൈഡ്രോളജി മുതലായവയുമായി ബന്ധപ്പെട്ട ജോലികൾ നടന്നുവരുന്നു.

(11) ഈ ഓഫീസിന് കീഴിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന ഓഫീസുകൾ പ്രവർത്തിക്കുന്നു:

1. ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിംഗ് സർക്കിൾ, കോഴിക്കോട്
2. ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിംഗ് സർക്കിൾ, തൃശ്ശൂർ
3. ഫണ്ടമെന്റൽ ആന്റ് അപ്ലൈഡ് റിസർച്ച്, കെ.ഇ.ആർ.ഐ. പീച്ചി, തൃശ്ശൂർ
4. ഫീൽഡ് സ്റ്റഡീസ് സർക്കിൾ, തൃശ്ശൂർ
5. ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്
6. കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസ്, തൃശ്ശൂർ.

## ചീഫ് എഞ്ചിനീയർ/അഡ്മിനിസ്ട്രേറ്റർ കമാൻഡ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റി, തൃശ്ശൂർ

(12) പൂർത്തീകരിച്ച വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ ആയക്കെട്ടിന്റെ വികസനമാണ് തൃശ്ശൂർ അഡ്മിനിസ്ട്രേറ്റർ (കമാൻഡ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റി) ചീഫ് എഞ്ചിനീയർ നിർവ്വഹിക്കുന്നത്. മലമ്പുഴ, പോത്തുണ്ടി, മംഗലം,ഗായത്രി, വാളയാർ, പീച്ചി, വാഴാനി, ചാലക്കുടി, ചീരക്കുഴി, നെയ്യാർ, ചിറ്റൂർപുഴ, പെരിയാർവാലി, പമ്പ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ എന്നിവയാണ് നിലവിൽ ഈ കാര്യാലയത്തിനുകീഴിൽ നടന്നുവരുന്ന ആയക്കെട്ട് വികസന പദ്ധതികൾ.

## ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), തിരുവനന്തപുരം

(13) ജലസേചന വകുപ്പിന്റെയും, പൊതുമരാമത്ത് വകുപ്പിന്റെയും, മറ്റ് സർക്കാർ വകുപ്പുകളുടെയും മെക്കാനിക്കൽ പ്രവൃത്തികൾ തിരുവനന്തപുരം ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ)-ൽ നിക്ഷിപ്തമാണ്.

**മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

(14) ടൂറിസം വകുപ്പിനുവേണ്ടി കൊല്ലം കോർപ്പറേഷനിലെ ലിങ്ക് റോഡിനു സമീപം ഹൗസ് ബോട്ട് ടെർമിനലും നടപ്പാതയും അഷ്ടമുടിക്കായലിലെ ജലപാത വികസനത്തിനായി പള്ളിയാംതുരുത്ത് ഭാഗത്ത് ബോട്ട് ജെട്ടി, വിശ്രമമുറി, സാമ്പ്രാണിക്കോടി ബോട്ട്ജെട്ടി കെട്ടിട നിർമ്മാണം എന്നിവയും ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്, ടൂറിസത്തിന്റെ ഭാഗമായുള്ള വലതുകര ഫെൻസിംഗും അനുബന്ധ വർക്കുകളും, മലമ്പുഴ ഗാർഡന്റെ പുനരുദ്ധാരണം, നവീകരണം, മലങ്കര ഡെസ്റ്റിനേഷൻ നിർമ്മാണം, അനുബന്ധവർക്കുകൾ എന്നിവയും വകുപ്പ് ഏറ്റെടുത്ത് നടത്തുന്നു.

(15) സംസ്ഥാന ജലസേചന വകുപ്പ് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ഇല്ലെങ്കിൽ അവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(16) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ചവറ, പന്മന പഞ്ചായത്തുകൾക്ക് ശുദ്ധജലവിതരണം നടത്തുന്നതിനായി 2011 ജനുവരിയിൽ കമ്മീഷൻ ചെയ്ത ചവറ, പന്മന പദ്ധതിയുടെ ജലസ്രോതസ്സ് ശാസ്താംകോട്ട തടാകമാണെന്നും തടാകത്തിലെ ജലത്തിന്റെ ലഭ്യതക്കുറവ് കണക്കിലെടുത്ത്, തടാകത്തിൽ നിന്ന് എടുക്കുന്ന ജലത്തിന്റെ അളവ് കുറയ്ക്കുന്നതിനായി, പുതിയ ജലസ്രോതസ്സായി പള്ളിക്കൽ നദി തെരഞ്ഞെടുത്തതായും സമിതി മനസ്സിലാക്കുന്നു. ജലത്തിന്റെ കുറവുമൂലവും മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണവും ശാസ്താംകോട്ട തടാകം നാശോന്മുഖമായി കൊണ്ടിരിക്കുന്നത് കണക്കിലെടുത്ത് ശാസ്താംകോട്ട തടാകത്തിലെ ശുദ്ധജലം സംരക്ഷിക്കുന്നതിനും തടാകത്തിന്റെ പരിപാലനത്തിനും വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും ചവറ, പന്മന പദ്ധതിയുടെ പുതിയ ജലസ്രോതസ്സായ പള്ളിക്കൽ നദിയിൽ നിന്നും ജലം എടുക്കുന്നതിന് വകുപ്പ് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(17) ജലവിഭവ വകുപ്പ്-വൻകിട ഇടത്തരം ജലസേചനം-ബഡ്ജറ്റ് വിഹിത വിനിയോഗം:

| പദ്ധതിയുടെ പേര് | 2013-14 | | 2014-15 | | 2015-16 |
|---|---|---|---|---|---|
| | ബഡ്ജറ്റ് വിഹിതം (ലക്ഷം) | വിനിയോഗിച്ചത് (ലക്ഷം) | ബഡ്ജറ്റ് വിഹിതം (ലക്ഷം) | വിനിയോഗിച്ചത് (ലക്ഷം) | ബഡ്ജറ്റ് വിഹിതം (ലക്ഷം) |
| മീങ്കര പ്രോജക്ട് | 99.80 | 60.80 | 126.97 | 70.96 | 125.30 |
| വാളയാർ പ്രോജക്ട് | 104.60 | 86.31 | 109.34 | 48.23 | 98.77 |
| ചിറ്റൂർപുഴ പ്രോജക്ട് | 409.00 | 169.46 | 362.00 | 246.10 | 315.00 |
| മൂലത്തറ വലതുകര കനാൽ | 26.00 | 9.31 | 26.00 | 4.44 | 16.00 |
| കാഡാ | | | | | 2800.00 |
| മലമ്പുഴ Mace Garden | 1471.46 | 1125.27 | 1639.83 | 983.86 | 1568.85 |
| മംഗലം Mace Garden | 134.71 | 117.85 | 146.38 | 35.27 | 136.21 |
| പോത്തുണ്ടി Mace Garden | 162.00 | 64.20 | 161.00 | 98.65 | 166.00 |
| ചേരാമംഗലം | 70.50 | 68.85 | 40.01 | 9.88 | 70.01 |
| 2071-80-005-99 | | | 100.00 | | |
| അട്ടപ്പാടി | 6.00 | 0 | 0.01 | 8.47 | 6.00 |
| വെള്ളിയാങ്കല്ല് കോസ് വേ | 25.50 | 32.12 | 25.50 | 11.82 | 25.50 |
| കാഞ്ഞിരപ്പുഴ | 730.52 | 701.41 | 836.09 | 527.64 | 865.34 |
| AIBP | 10000.00 | 854.39 | 650.00 | 64.73 | |
| Interstate Water Hub | | | 50.00 | | 100.00 |
| കാരാപ്പുഴ ഡിവിഷൻ | 600.00 | 704.87 | 10600.00 | 712.60 | 600.00 |
| ബാണാസുരസാഗർ പദ്ധതി ഡിവിഷൻ, പടിഞ്ഞാറത്തറ | 250.00 | 270.06 | 250.00 | 252.26 | 250.00 |

| | | | | | |
|---|---|---|---|---|---|
| പഴശ്ശി പദ്ധതി ഡിവിഷൻ, കണ്ണൂർ | 299.65 | 301.90 | 358.80 | 197.51 | 366.83 |
| കുറ്റ്യാടി ജലസേചന പദ്ധതി | 677.28 | 596.12 | 721.65 | 446.01 | 697.83 |
| 2700-80-001-99-D&A | 167.13 | 184.17 | 188.71 | 183.07 | 225.72 |
| 2701-80-001-93 (2) | 235.34 | 320.65 | 362.49 | 386.31 | 466.30 |
| ചമ്രവട്ടം പ്രോജക്ട് | | 168.13 | | 169.54 | |

| | | | | | | |
|---|---|---|---|---|---|---|
| മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് | 5.00 | 26.18 | 65.00 | 16.78 | 20.00 | 22.70 |
| ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് | 20.00 | 13.09 | 20.00 | 13.10 | 20.00 | 21.28 |
| പാമ്പാർ ബേസിൻ പ്രോജക്ട് | 10.00 | ഇല്ല | 10.00 | ഇല്ല | 17.00 | 0.013 |
| മീനച്ചിൽ റിവർവാലി പ്രോജക്ട് | - | - | 16.00 | - | - | - |
| പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് | 24.50 | 15.52 | 24.76 | 11.36 | 28.33 | 17.68 |
| ചാലക്കുടി റിവർ ഡൈവർഷൻ സ്കീം | 3.588 | 2.16 | 3.328 | 2.14 | 3.135 | 2.60 |
| പമ്പാ ഇറിഗേഷൻ പ്രോജക്ട് | 7.756 | 6.337 | 7.656 | 1.78 | 8.49 | 7.75 |
| കല്ലട ഇറിഗേഷൻപ്രോജക്ട് | 24.309 | 19.47 | 23.503 | 16.813 | 25.41 | 26.43 |
| നെയ്യാർ ഇറിഗേഷൻ പ്രോജക്ട് | 5.485 | 5.612 | 5.53 | 2.719 | 5.68 | 4.284 |
| വടക്കാഞ്ചേരി പ്രോജക്ട് | 1.767 | 1.147 | 2.11 | 0.976 | 1.65 | 1.865 |
| ചീരക്കുഴി പ്രോജക്ട് | 1.367 | 0.648 | 1.655 | 0.412 | 1.376 | 0.9345 |
| ചിമ്മിനി പ്രോജക്ട് | 0.9101 | 2.236 | 1.0003 | 0.3179 | 1.4003 | 0.4585 |

(18) മേൽ പരാമർശിത പട്ടിക പരിശോധിച്ചതിൽ നിന്നും ജലസേചന വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന തുക പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ വകുപ്പിന്റെ കീഴിൽ നടക്കുന്ന വിവിധ പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രമേ സ്പിൽ ഓവർ സംവിധാനത്തിലൂടെ പദ്ധതികൾ പൂർത്തീകരിക്കുവാൻ ശ്രമിക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

(19) **ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പ്രധാനപ്പെട്ട വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ**

(1) <u>തിരുവനന്തപുരം</u>
നെയ്യാർ ജലസേചന പദ്ധതി

(2) <u>കൊല്ലം, പത്തനംതിട്ട, ആലപ്പുഴ</u>
കല്ലട ജലസേചന പദ്ധതി

(3) <u>പത്തനംതിട്ട, ആലപ്പുഴ</u>
പമ്പ ജലസേചന പദ്ധതി

(4) <u>എറണാകുളം, ഇടുക്കി, കോട്ടയം</u>
മൂവാറ്റുപുഴ ജലസേചന പദ്ധതി

(5) <u>എറണാകുളം, ഇടുക്കി</u>
പെരിയാർ ജലസേചന പദ്ധതി

(6) <u>എറണാകുളം, തൃശ്ശൂർ</u>
ഇടമലയാർ ജലസേചന പദ്ധതി

(7) <u>തൃശ്ശൂർ ജില്ല</u>

1. ചിമ്മിനി ജലസേചന പദ്ധതി
2. വാഴാനി ജലസേചന പദ്ധതി
3. ചീരക്കുഴി ജലസേചന പദ്ധതി
4. ചാലക്കുടി ജലസേചന പദ്ധതി

(8) <u>പാലക്കാട് ജില്ല</u>

1. മലമ്പുഴ പദ്ധതി
2. ചിറ്റൂർപ്പുഴ പദ്ധതി
3. കാഞ്ഞിരപ്പുഴ പദ്ധതി
4. മംഗലം പദ്ധതി
5. പോത്തുണ്ടി പദ്ധതി
6. ഗായത്രി പദ്ധതി
7. ചുള്ളിയാർ പദ്ധതി
8. വാളയാർ പദ്ധതി

(9) <u>കോഴിക്കോട് ജില്ല</u>

കുറ്റ്യാടി പദ്ധതി

(10) <u>വയനാട് ജില്ല</u>

1. കാരാപ്പുഴ പദ്ധതി
2. ബാണാസുരസാഗർ പദ്ധതി

(11) കണ്ണൂർ ജില്ല

പഴശ്ശി പദ്ധതി

(20) **ജലസേചന പദ്ധതികളുടെ ലക്ഷ്യവും ആയക്കെട്ട് നേട്ടവും താഴെക്കൊടുക്കുന്നു;**

| | | ലക്ഷ്യം | ആയക്കെട്ട് നേട്ടം |
|---|---|---|---|
| 1. | നെയ്യാർ ജലസേചന പദ്ധതി | 23480 ഹെക്ടർ | 11740 |
| 2. | കല്ലട ജലസേചന പദ്ധതി | 92103 | 53514 |
| 3. | പമ്പാ ജലസേചന പദ്ധതി | 49456 | 21.135 |
| 4. | ചിമ്മിനി ജലസേചന പദ്ധതി | 26000 | 13000 |
| 5. | ചീരക്കുഴി ജലസേചന പദ്ധതി | 3240 | 1846 |
| 6. | വാഴാനി ജലസേചന പദ്ധതി | 7130 | 4226 |
| 7. | ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം | 37260 | 19690 |
| 8. | പെരിയാർ ജലസേചന പദ്ധതി | 85600 | 32800 |
| 9. | മൂവാറ്റുപുഴ ജലസേചന പദ്ധതി | 37737 | 19237 |
| 10. | ഇടമലയാർ ഇറിഗേഷൻ പദ്ധതി | 14394 | പദ്ധതി പൂർത്തീകരിച്ചിട്ടില്ല |
| 11. | മലമ്പുഴ പദ്ധതി | 21245 | 21265 |
| 12. | ചിറ്റൂർപുഴ പദ്ധതി | 16940 | 16940 |
| 13. | കാഞ്ഞിരപ്പുഴ പദ്ധതി | 9712 | 8467 |
| 14. | മംഗലം പദ്ധതി | 3440 | 3440 |
| 15. | പോത്തുണ്ടി പദ്ധതി | 4685 | 4685 |
| 16. | മീങ്കര പദ്ധതി | 3035 | 3035 |
| 17. | ചുള്ളിയാർ പദ്ധതി | 2430 | 2430 |

| | | ലക്ഷ്യം | ആയക്കെട്ട് നേട്ടം |
|---|---|---|---|
| 18. | വാളയാർ പദ്ധതി | 3752 | 3997 |
| 19. | കാരാപ്പുഴ പദ്ധതി | 5221 | 601 |
| 20. | ബാണാസുരസാഗർ പദ്ധതി | 2800 | പദ്ധതി പൂർത്തീകരിച്ചിട്ടില്ല |
| 21. | കുറ്റ്യാടി പദ്ധതി | 14568 | 10232 |
| 22. | പഴശ്ശി പദ്ധതി | 11525 | 8125 |

(21) മേൽപ്പടി പട്ടികയിൽ വിവരിച്ച വൻകിട ഇടത്തരം പദ്ധതികളുടെ ഇനിയും കൈവരിക്കുവാനുള്ള ആയക്കെട്ട് ലക്ഷ്യം എത്രയും വേഗം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ

**നെയ്യാർ ജലസേചന പദ്ധതി**

(22) കേരളത്തിലും തമിഴ്നാട്ടിലുമായി ഉൾപ്പെടുന്ന 23840 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. തിരുവനന്തപുരം ജില്ലയിലുള്ള ഈ പദ്ധതി പൂർണ്ണമായും ജലസേചന പദ്ധതിയാണ്. 1972-ൽ കമ്മീഷൻ ചെയ്ത പദ്ധതിയുടെ ഡാമിന്റെ സംഭരണശേഷി (106.20 mm3) ഇതുവരെയും പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. നെയ്യാറ്റിൻകര താലൂക്കിലും അതിന്റെ ചുറ്റുപാടും ഉള്ള ജനങ്ങളുടെ കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമുള്ള പ്രധാന സ്രോതസ്സാണ് ഈ പദ്ധതി. ജലക്ഷാമമുണ്ടാകുന്ന അവസരങ്ങളിൽ പാറശ്ശാല താലൂക്കിന് കുടിവെള്ള വിതരണത്തിനായും ജലം നൽകി വരുന്നു. പദ്ധതിയുടെ ആയക്കെട്ട് വികസന പദ്ധതികൾ 1990-ൽ ആരംഭിച്ച് 2004-ൽ അവസാനിച്ചു. 1968 മുതൽ 10-1-2004 വരെ തമിഴ്നാടിന് 1126.09 mm3 ജലം വിട്ടുനൽകിയതായി സമിതി മനസ്സിലാക്കി. 10-1-2004-ന് ശേഷം ചില ഉപാധികളോടെ ജലം നൽകുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

(23) ഡാമിൽ ചെളിയും മണലും അടിഞ്ഞിട്ടുള്ളതിനാൽ പൂർണ്ണ സംഭരണശേഷി നാളിതുവരെയും കൈവരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. വർഷത്തിൽ 84.75 മീറ്റർ വെള്ളംമാത്രം സംഭരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. പൂർണ്ണ സംഭരണശേഷി കൈവരിക്കുന്നതിനായി ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണലും അടിയന്തരമായി നീക്കം ചെയ്യേണ്ടതും ഡാമിൽ നിന്നും ജലം കടത്തിവിടുന്ന ചാനലുകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള ചെളി നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിന് ഡീസിൽറ്റിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ നടത്തേണ്ടതും അത്യാവശ്യമാണ്.

(24) ഡാമുകളിലും കനാലുകളിലും അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണലും നീക്കം ചെയ്യുന്നതിന് ഡീസിൽറ്റിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(25) കന്യാകുമാരി ജില്ലയിലെ വിളവൻകോട് താലൂക്കിന് ജലസേചന ആവശ്യത്തിന് ജലം വിട്ടുനൽകുന്നതിന് തമിഴ്നാട് സർക്കാർ 2012-ൽ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സിൽ സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കല്ലട ജലസേചന പദ്ധതി**

(26) കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയാണ് കല്ലട ജലസേചന പദ്ധതി. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽപ്പെടുന്ന പത്തനാപുരം, കൊട്ടാരക്കര, കൊല്ലം, കുന്നത്തൂർ, കരുനാഗപ്പള്ളി, അടൂർ, മാവേലിക്കര, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിലായി 92103 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രവർത്തനംമൂലം 53514 ഹെക്ടർ വിസ്തൃതിയിൽ ഇറിഗേഷൻ പൊട്ടൻഷ്യൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആദ്യമായി മൈനർ കൺവെയൻസ് സിസ്റ്റം ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽനിന്ന് ഗ്രാവിറ്റി കുഴലുകളിലൂടെ ജലം കൃഷി സ്ഥലങ്ങളിൽ നേരിട്ട് എത്തിക്കുന്നു.

(27) 2015-16 സാമ്പത്തികവർഷം വരെ ഏകദേശം 895.6 കോടി രൂപയോളം ചെലവഴിച്ച് നിർമ്മിച്ച പ്രസ്തുത പദ്ധതിയിൽ നിന്ന് ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതിനാൽ പല സ്ഥലങ്ങളിലും ജലവിതരണം തടസ്സപ്പെടുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. കനാലുകളുടെ പണി പൂർത്തിയാകാനുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തതമൂലം പണികൾ നിർത്തിവച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. പാടശേഖരങ്ങളിലേക്ക് ചെറിയ കനാലുകൾ വഴി വെള്ളം എത്തിക്കുന്നത് കാഡ ഏറ്റെടുത്ത ജലസേചനപദ്ധതി മുഖേനയാണെന്നും കാഡ പ്രവർത്തനത്തിന് 8 കോടി രൂപ അനുവദിച്ചതിൽ ഭൂരിഭാഗവും ശമ്പളം നൽകാനാണ് വിനിയോഗിച്ചതെന്നും സമിതി നിരീക്ഷിക്കുന്നു. കഴിഞ്ഞ വർഷം മെയിന്റനൻസിനായി അനുവദിച്ച 7 കോടി രൂപയും പൂർണ്ണമായി ചെലവഴിക്കപ്പെട്ടു.

മെയിൻ കനാൽ ബലപ്പെടുത്തൽ നടത്താത്തതിനാൽ ബ്രാഞ്ച് കനാലുകളിൽ ക്ഷമത അനുസരിച്ച് വെള്ളം ലഭിക്കുന്നില്ല. ചെറിയ കനാലുകൾവഴി പാടശേഖരങ്ങളിലേക്ക് വെള്ളം എത്തിക്കുന്നത് ഉൾപ്പെടെയുള്ള ജോലികൾ കമാന്റ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റി ഏറ്റെടുത്തുവെങ്കിലും കനാലുകൾ നിർമ്മിക്കുന്നതിന്, ആവശ്യമായ സ്ഥലം ഏറ്റെടുത്ത് കൊടുക്കാത്തതിനാൽ തുടർ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കി. കല്ലട ജലസേചന പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് കനാലുകൾ ബലപ്പെടുത്തേണ്ടതും അറ്റകുറ്റപ്പണികൾ നടത്തേണ്ടതും അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ മെയിൻ/സബ് കനാലുകൾ ബലപ്പെടുത്തുന്നതിന് വർഷംതോറും മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്നതിനായി സബ്കനാലുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(28) 13.28 കോടി രൂപ ചെലവ് പ്രതീക്ഷിച്ച് തുടങ്ങിയ പദ്ധതിയ്ക്ക് ഇതുവരെ 800 കോടി രൂപയിലധികം ചെലവായി. ആരംഭത്തിൽ ഉദ്ദേശിച്ചതിൽ നിന്നും വിസ്തൃതി കുറച്ചാണ് പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്. കായംകുളം കനാൽ ഉപേക്ഷിക്കപ്പെട്ടു. അറ്റകുറ്റപ്പണികൾക്കായി ആറും ഏഴും കോടി രൂപ വർഷംതോറും ചെലവാക്കുന്നു. ഇടതുകരകനാൽ പൊളിഞ്ഞതിനാൽ വെള്ളമൊഴുക്ക് നിയന്ത്രിക്കേണ്ടിവന്നു. കൊല്ലം ജില്ലയിലെ പരവൂർ ഭാഗത്ത് കനാലുണ്ടെങ്കിലും വെള്ളമെത്തുന്നില്ല. പദ്ധതികൊണ്ട് കർഷകർക്ക് പൂർണ്ണമായും പ്രയോജനം ലഭിക്കുന്നില്ല. പല സ്ഥലങ്ങളിലും KIP കനാൽ ഉണ്ടെങ്കിലും വെള്ളം ഒഴുകുന്നത് പ്രധാന ശാഖകളിലൂടെ മാത്രമാണ്. സബ് കനാലുകളെല്ലാം ഉപയോഗശൂന്യമാണ്. കാടുകയറിയും മണ്ണിടിഞ്ഞും കനാലുകൾ വളരെ ശോചനീയമായ നിലയിലാണ്. അറ്റകുറ്റപ്പണികൾക്ക് ലക്ഷങ്ങൾ ചെലവഴിക്കുന്നുണ്ടെങ്കിലും കരാറുകാരും ചില ഉദ്യോഗസ്ഥരും ഒത്തുകളിക്കുന്നതുമൂലമാണോ പണികൾ കാര്യക്ഷമമാകാത്തതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കനാലുകളിൽ നിന്ന് കൃഷിയിടങ്ങളിലേക്ക് വെള്ളമെത്തിക്കുന്ന പൈപ്പുകളും വാൽവുകളും ശാസ്ത്രീയമായി സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അവയിൽ വെള്ളം എത്തുന്നില്ല. പണി പൂർത്തിയാക്കി വർഷങ്ങളായിട്ടും വെള്ളമെത്താത്തതിനാൽ പദ്ധതി പ്രദേശത്ത് പലരും കൃഷി ഉപേക്ഷിച്ചു. പദ്ധതിക്ക് സ്ഥാപിച്ച പൈപ്പുകളും വാൽവുകളും മറ്റും

സാമൂഹ്യവിരുദ്ധർ മോഷ്ടിക്കുകയോ നശിപ്പിക്കുകയോ ചെയ്തിരിക്കുന്നു. പൈപ്പുകൾ പലതും സ്ഥാപിച്ചത് എവിടെയാണെന്ന് നിശ്ചയമില്ല. സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ സ്ഥാപിച്ച പൈപ്പുകളൊന്നും ഇപ്പോഴില്ലാത്ത അവസ്ഥയാണ്. പദ്ധതിയിലുണ്ടായ കാലതാമസമാണ് ഇതിനെല്ലാം ഇടയാക്കിയത്. ആയതിനാൽ കോടിക്കണക്കിന് രൂപ മുടക്കി പണി പൂർത്തിയാക്കിയതും വർഷം തോറും കോടികൾ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ചുവരുന്നതുമായ കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാലുകളുടേയും, അനുബന്ധ കനാലുകളുടേയും പൈപ്പുകളുടേയും ജലസേചന ആവശ്യത്തിനായുള്ള വാൽവുകളുടേയും സുരക്ഷയും പരിപാലനവും ജലസേചന വകുപ്പിന് ഉറപ്പാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അവയുടെ പരിപാലനത്തിനായി പ്രസ്തുത കനാലുകൾ കടന്നുപോകുന്ന ഗ്രാമപഞ്ചായത്തുകളുടെ സഹകരണം കൂടി ഉറപ്പുവരുത്തുന്നതിനുള്ള നടപടി ജലസേചന വകുപ്പ് കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(29) കല്ലട ജലസേചന പദ്ധതിയിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഓരോ വർഷവും അനുവദിക്കുന്ന തുകയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മൂവാറ്റുപുഴ ജലസേചന പദ്ധതി**

(30) ഒരു വിവിധോദ്ദേശ പദ്ധതിയായി രൂപകല്പന ചെയ്യപ്പെട്ടതാണ് മൂവാറ്റുപുഴ ജലസേചന പദ്ധതി. ഇടുക്കി ഡാമിന്റെ മൂലമറ്റം പവ്വർഹൗസിൽ നിന്നു പുറത്തേക്ക് വരുന്ന ജലം മുട്ടത്തുള്ള ഡാമിൽ ശേഖരിച്ച് എറണാകുളം, ഇടുക്കി, കോട്ടയം തുടങ്ങിയ ജില്ലകളിലെ 37737 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുക എന്നതാണ് മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ഈ ജില്ലകളിലെ കുടിവെള്ള ആവശ്യം നിറവേറ്റുക, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറി, ജി.സി.ഡി.എ എന്നിവയ്ക്ക് ജലം എത്തിക്കുക, മുട്ടത്ത് സ്ഥാപിച്ചിട്ടുള്ള ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയിൽ നിന്നും 10.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ ജലം നല്കുക തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കുറുമുള്ളൂർ, കുറവിലങ്ങാട് മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ അവസാനഭാഗം പൊന്നാർതോടിലും മീനച്ചിലാറ്റിലും ചെന്നുപതിച്ച് കോട്ടയം ജില്ലയിലെ താഴ്ന്ന പാടശേഖരങ്ങളിലെ ഓരുവെള്ള ഭീഷണി തടയാനും വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാനും പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു.

(31) 1974-ൽ പണി ആരംഭിച്ച ഈ പദ്ധതിയ്ക്ക് 1983-ൽ പ്ലാനിംഗ് കമ്മീഷനിൽ നിന്നും 48.08 കോടി രൂപയുടെ അംഗീകാരം ലഭിച്ച പദ്ധതിക്കുവേണ്ടി ഇതുവരെ 855 കോടി രൂപ ചെലവായിട്ടുണ്ട്. CPWD യുടെ പുതുക്കിയ നിരക്ക് പ്രകാരം പദ്ധതിയുടെ പുതുക്കിയ അടങ്കൽ 954 കോടി രൂപയാണ്.

(32) എം.വി.ഐ.പി. പദ്ധതിയുടെ ഇടതുകര-വലതുകര പണിപൂർത്തീകരിക്കുകയും 1994-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. ഇപ്പോൾ ഏകദേശം 91% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബ്രാഞ്ച് കനാലുകളുടെയും ഡിസ്ട്രിബ്യൂട്ടറികളുടെയും പണികൾ പുരോഗമിക്കുന്നു. പദ്ധതി നേരിടുന്ന പ്രധാന പ്രശ്നം ബ്രാഞ്ചുകനാലുകളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവാണ്. 2018 മാർച്ച് മാസം പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് ബന്ധപ്പെട്ടവർ സമിതിയെ അറിയിച്ചു ഭൂമി ലഭിക്കാതെ ടെണ്ടർ ചെയ്തതും 2012-ലെ റേറ്റ് ആവശ്യപ്പെട്ട് കോൺട്രാക്ടർ കോടതിയെ സമീപിച്ചതും പദ്ധതിയുടെ കാലതാമസത്തിന് ഇടയാക്കി എന്ന് സമിതി നിരീക്ഷിക്കുന്നു.

(33) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലുകളുടെ കുറച്ച് പണികളും, റോഡ്, റെയിൽവെ ക്രോസ് കട്ടിംങ് എന്നിവപോലുള്ള പണികളുമാണ് ഇനി തീർക്കാനുള്ളതെന്നും ഇത്തരം ജോലികൾക്ക് ടെണ്ടർ തുകയെക്കാൾ 259 ശതമാനം കൂടുതൽ കോൺട്രാക്ടർ ക്വാട്ട് ചെയ്തതായും റെയിൽവെ ക്രോസ്സിംഗ് നിർമ്മിക്കുമ്പോൾ ആവശ്യമായ മെഷീനറികൾ കൊണ്ടുപോകാൻ വഴിയില്ലാത്തതിനാലാണ് ഇപ്രകാരം കൂടുതൽ തുക ക്വാട്ട് ചെയ്തതെന്നും വകുപ്പ് സമിതിയെ അറിയിച്ചു. പിറവത്ത് റെയിൽവേ ക്രോസിംഗ് വരുന്ന സ്ഥലം പലപ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കോൺട്രാക്ടർമാർ കൂടിയ റേറ്റ് ക്വാട്ട് ചെയ്യുന്നതിനാൽ സർക്കാർ അനുമതി ലഭിക്കുന്നില്ലെന്നും കടുത്തുരുത്തിയിൽ രണ്ട് പ്രാവശ്യം വർക്ക് ഓർഡർ നൽകിയെങ്കിലും റെയിൽവെയുടെ ജോലികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ വിസമ്മതിക്കുന്നതായും വകുപ്പ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രോജക്ടുകളുടെ എസ്റ്റിമേറ്റ്സ് തയ്യാറാക്കുമ്പോൾതന്നെ പദ്ധതികളുടെ വിവിധ വശങ്ങൾ വിശദമായി പരിശോധിച്ച് എല്ലാ ചെലവുകളും ഉൾപ്പെടുന്ന തരത്തിൽ കാര്യക്ഷമമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു.

(34) കൂടാതെ 48.08 കോടി രൂപയുടെ എസ്റ്റിമേറ്റോട്ടുകൂടി ആരംഭിക്കുകയും, നാളിതുവരെ 855 കോടി രൂപ ചെലവഴിക്കുകയും ചെയ്ത ഈ പദ്ധതിയുടെ 91% പ്രവൃത്തി പൂർത്തീകരിച്ചുവെന്ന പറയുമ്പോഴും പദ്ധതിയുടെ പൂർണ്ണമായ ഉദ്ദേശലക്ഷ്യവും പ്രയോജനവും ഇനിയും ലഭ്യമാകാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിൽ നിന്നും നാളിതുവരെ ചെലവഴിച്ച തുകയുടെ മൂല്യം കണക്കാക്കുമ്പോൾ ഈ പദ്ധതി മൂലം വമ്പിച്ച സാമ്പത്തിക നഷ്ടം ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതായി സമിതി വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും അല്ലെങ്കിൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**മലമ്പുഴ പദ്ധതി**

(35) കേരളത്തിലെ ആദ്യത്തെ വൻകിട ജലസേചന പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മലമ്പുഴ ജലസേചന പദ്ധതി. ഭാരതപ്പുഴയുടെ പോഷക നദിയായ മലമ്പുഴ നദിയിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. 226 ദശലക്ഷം ക്യൂ. മീറ്റർ സംഭരണ ശേഷിയുള്ള ഈ പദ്ധതിക്ക് 320 കി.മി. കനാൽ ശൃംഖലയുണ്ട്. പാലക്കാട് മുനിസിപ്പാലിറ്റിയിലും 6 സമീപ പഞ്ചായത്തുകളിലും കുടിവെള്ളത്തിനും 21245 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനും 2.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനത്തിനും വൻതോതിൽ ഉൾനാടൻ മത്സ്യകൃഷിക്കും പ്രസ്തുത പദ്ധതിയിലെ ജലം ഉപയോഗിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ ഒന്നാണ് മലമ്പുഴ. ഈ പദ്ധതി 1949-ൽ ആരംഭിച്ച് 1953-ൽ കമ്മീഷൻ ചെയ്യുകയും 1956-ൽ പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ അസ്സൽ അടങ്കൽ തുക 360 ലക്ഷം രൂപയും പൂർത്തിയാക്കിയപ്പോൾ മൊത്തം ചെലവ് 580 ലക്ഷം രൂപയുമാണ്. 1955-ൽ പൂർത്തീകരിച്ച പദ്ധതിയുടെ പൂർണ്ണസംഭരണ ശേഷി 226 ദശലക്ഷം ഘനമീറ്ററാണ്. വലതുകരയിലും ഇടതുകരയിലും യഥാക്രമം 32 കി.മി നീളത്തിൽ രണ്ടു കനാലുകളും ശാഖാ ഉപകനാലുകളുമായി 320 മി. നീളമുള്ള കനാലുകൾ വഴി 21165 ഹെക്ടർ ജലവിതരണ മേഖല ഇതിന്റെ കീഴിൽ വരുന്നു. ഈ മേഖലയിലെ ഫീൽഡ് ബോത്തികൾ കർഷകസമിതികൾ നേരിട്ട് വൃത്തിയാക്കി ജലവിതരണത്തിന് ഉപയോഗിക്കുന്നു. 2.5 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനു വേണ്ടി ഇടതുകര കനാലിനോട് ചേർന്ന് കേരള വിദ്യുച്ഛക്തി വകപ്പിന്റെ നിയന്ത്രണത്തിൽ ഒരു മിനി ഹൈഡൽ സ്റ്റേഷൻ നിലവിലുണ്ട്.

(36) ചേരാമംഗലം സ്കീമിൽ മലമ്പുഴ പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വെള്ളം ഉപയോഗിച്ച് 1180 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. ഡാമിൽ വന്നടിഞ്ഞിട്ടുള്ള മണൽ നീക്കം ചെയ്താൽ സംഭരണശേഷി വർദ്ധിപ്പിക്കാവുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഡാമിന്റെ സംഭരണശേഷി പരമാവധി വർദ്ധിപ്പിക്കുന്നതിനായി ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഡാം നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച കനാലുകൾക്ക് കാലപ്പഴക്കവും മണ്ണൊലിപ്പും മൂലം കേടുപാടുകൾ ഉണ്ടായതിനാൽ എല്ലാ പ്രദേശത്തും ജലം എത്തിക്കാൻ സാധിക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കനാലുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തണമെന്നും, കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും മാലിന്യവും നീക്കം ചെയ്ത് ജലസേചനം സുഗമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ചേരാമംഗലം പദ്ധതി**

(37) പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ മേലാർകോട് ഗ്രാമപഞ്ചായത്തിലെ ആറ്റാല എന്ന സ്ഥലത്ത് ഭാരതപ്പുഴയുടെ പോഷക നദിയായ ഗായത്രി പുഴയിൽ 115.976 മീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുള്ള അണക്കെട്ടിൽ ജലം സംഭരിച്ച് കനാലിലൂടെ തിരിച്ച്‌വിട്ട് മേലാർകോട്, എരിമയൂർ, ആലത്തൂർ, കാവശ്ശേരി എന്നീ പഞ്ചായത്തുകളിലായി 1200 ഹെക്ടർ നെൽകൃഷിയ്ക്ക് ജലം എത്തിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 1949-ൽ ആരംഭിച്ച് 1951-ൽ പൂർത്തീകരിച്ച് ജലസേചനം നടത്തിവരുന്നു. AIBP-യിൽ ഉൾപ്പെടുത്തി 4.85 കി.മീ. കനാലിന്റെ വീതി കൂട്ടുന്നതും 150 മീ. ലിങ്ക് കനാലിന്റെ നിർമ്മാണവും 2011-12-ൽ പൂർത്തീകരിച്ചു. പുഴയിൽ വെള്ളം ക്രമാതീതമായി കുറയുമ്പോൾ മലമ്പുഴ ഡാമിൽ നിന്നും ഇടതുകരകനാൽ മുഖേന വെള്ളം എത്തിക്കുന്നു. കനാലുകളുടെ കേടുപാടുകൾ മൂലം പലപ്പോഴും വെള്ളം എത്തിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

(38) കനാലുകളുടെ കേടുപാടുകൾ അടിയന്തരമായി പൂർത്തീകരിച്ച് പദ്ധതിയുടെ സമ്പൂർണ്ണ പ്രയോജനം സുസാധ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മംഗലം ജലസേചന പദ്ധതി**

(39) വടക്കാഞ്ചേരിയിൽ നിന്നും 17 കി.മി. ദൂരത്ത് മംഗലം പുഴയുടെ കൈവഴിയായ ചെറുകുന്നം പുഴയ്ക്ക് കുറുകെ അണക്കെട്ട് നിർമ്മിച്ച് 25.34 ദശലക്ഷം ഘനമീറ്റർ വെള്ളം സംഭരിച്ച് ആലത്തൂർ താലൂക്കിലെ 3440 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിവരുന്നു. 1953-ൽ ആരംഭിച്ച പദ്ധതി 1963-ൽ കമ്മീഷൻ ചെയ്യുകയും 1971-ൽ പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ അസ്സൽ അടങ്കൽ തുക 97.50 ലക്ഷം രൂപയും പൂർത്തിയാക്കിയപ്പോൾ മൊത്തം ചെലവ് 106 ലക്ഷം രൂപയുമാണ്. ഈ പദ്ധതിയിൽ നിന്നുള്ള ജലം ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ ചീരക്കുഴി പദ്ധതി പ്രവർത്തിക്കുന്നു.

(40) സുഗമമായ ജലപ്രവാഹത്തിന് കനാലുകളും ഡാമുകളും വർഷാവർഷം അറ്റകുറ്റപ്പണികൾ നടത്തേണ്ടത് ആവശ്യമാണ്. നിലവിൽ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഡാമിന്റെയും കനാലിന്റെയും പരിപാലനത്തിനായി ഓരോ വർഷവും നിലവിൽ വരുന്ന പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സിന് ആനുപാതികമായി തുക വർദ്ധിപ്പിച്ച് ബഡ്ജറ്റിൽ വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾക്ക് വകുപ്പ് മുൻകൈ എടുക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പോത്തുണ്ടി ജലസേചന പദ്ധതി**

(41) അയിലൂർപുഴയുടെ പോഷക നദിയായ മീപാടി പുഴയ്ക്കും പാടിപ്പുഴയ്ക്കും കുറുകെ നിർമ്മിച്ചിട്ടുള്ള അണയും അണയുടെ വലതുകരയിൽ ഒരു സ്പിൽവേയും രണ്ട് മെയിൻ കനാലുകളും ഉപകനാലുകളും ഉൾപ്പെടുന്ന ഈ പദ്ധതി 1958-ൽ ആരംഭിച്ച് 1971-ൽ പൂർത്തീകരിച്ചു. ഡാമിന്റെ സംഭരണശേഷി 50.914 ദശലക്ഷം ഘനമീറ്ററാണ്. രണ്ടാം വിളയ്ക്ക് 4785 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനും 7 ദശലക്ഷം ഘനമീറ്റർ കുടിവെള്ളത്തിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി. അയിലൂർ, നെന്മാറ, മേലാർക്കോട് പഞ്ചായത്തുകളുടെ കുടിവെള്ള സ്രോതസ്സാണിത്. പദ്ധതിയുടെ അസ്സൽ അടങ്കൽ 88 ലക്ഷം രൂപയും പൂർത്തിയായപ്പോൾ മൊത്തം ചെലവ് 383 ലക്ഷം രൂപയുമാണ്.

**വാളയാർ ജലസേചന പദ്ധതി**

(42) പാലക്കാട് നിന്നും 24 കി.മീറ്റർ ദൂരത്തിൽ വാളയാർ പുഴയ്ക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള അണക്കെട്ടിൽ 18.40 mm3 വെള്ളം സംഭരിച്ച് 3752 ഹെക്ടർ സ്ഥലത്ത്

നെൽകൃഷിയുടെ രണ്ട് വിളകൾക്ക് ജലസേചനം നടത്തി വരുന്നു. 1953-ൽ ആരംഭിച്ച പദ്ധതി 1964-ൽ പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ അസ്സൽ അടങ്കൽ 117 ലക്ഷം രൂപയും പൂർത്തീകരിച്ചപ്പോൾ മൊത്തം ചെലവ് 131 ലക്ഷം രൂപയുമാണ്. പദ്ധതിയുടെ വൃഷ്ടി പ്രദേശം ഭൂരിഭാഗവും തമിഴ്നാട്ടിലാണ് സ്ഥിതി ചെയ്യുന്നത്. കുറെ വർഷങ്ങളായി ഡാമിലേക്കുള്ള നീരൊഴുക്കിൽ കാര്യമായി കുറവ് വന്നിട്ടുള്ളതിനാൽ രണ്ടാം വിളയ്ക്ക് വെള്ളം നൽകാൻ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ജലസംഭരണിയിലേക്കുള്ള ഒഴുക്ക് തമിഴ്നാടിന്റെ അതിർത്തിക്കുള്ളിൽ തടയുകയോ തിരിച്ചുവിടുകയോ ചെയ്യുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു.

(43) വാളയാർ ജലസേചന പദ്ധതിയിലേക്കുള്ള നീരൊഴുക്ക് തമിഴ്നാട് സർക്കാർ ബോധപൂർവ്വം തടയുന്നുവെങ്കിൽ ആയതിനെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗായത്രി പദ്ധതി**

(44) മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളും അവയുടെ കനാൽ ശൃംഖലയും ചേർന്നതാണ് ഗായത്രി പദ്ധതി. മീങ്കര ഡാം ഒന്നാം ഘട്ടമായും ചുള്ളിയാർ ഡാം രണ്ടാം ഘട്ടമായുമാണ് പണി തീർന്നത്. മീങ്കര ഡാമിന്റെ സംഭരണശേഷി 11.30 ദശലക്ഷം ഘനമീറ്ററും ചുള്ളിയാർ ഡാമിന്റെ സംഭരണശേഷി 13.70 ദശലക്ഷം ഘനമീറ്ററുമാണ്. മീങ്കര ഡാമിൽ നിന്നും 2389 ഹെക്ടർ കൃഷി സ്ഥലത്ത് ജലസേചനവും കൊല്ലങ്കോട് മേഖലയിലേക്ക് കുടിവെള്ള വിതരണവും നടത്തുന്നു. ചുള്ളിയാർ ഡാമിൽ നിന്നും 3074 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്കും 1691 ഹെക്ടർ കടല കൃഷിക്കും വെള്ളം നൽകിവരുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മീങ്കര ഡാമിലേക്കുള്ള നീരൊഴുക്ക് ഗണ്യമായി കുറഞ്ഞുവരുന്നതായി സമിതി മനസ്സിലാക്കുന്നു. മീങ്കര ഡാമിന്റെ വൃഷ്ടി പ്രദേശത്തിന്റെ ഭൂരിഭാഗവും തമിഴ്നാട്ടിലാണ് സ്ഥിതി ചെയ്യുന്നത്. മീങ്കരയിലേക്ക് വരുന്ന വെള്ളം തമിഴ്നാട് വഴിതിരിച്ചുവിടുകയോ തടയുകയോ ചെയ്യുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്തെ വിവിധ പദ്ധതികളുടെ വൃഷ്ടിപ്രദേശങ്ങളിൽ നിന്ന് തമിഴ്നാട് വെള്ളം ചോർത്തുന്നുണ്ടോയെന്ന് പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു സംയുക്ത കർമ്മസമിതി രൂപീകരിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പലകപ്പാണ്ടി ജലസേചന പദ്ധതി**

(45) മഴക്കാലങ്ങളിൽ പലകപ്പാണ്ടി പുഴയിൽ നിന്നും ധാരാളം ജലം ഗായത്രിപുഴയിലേക്ക് ഉപയോഗശൂന്യമായി ഒഴുകി പോകുന്നത് തിരിച്ചുവിട്ട് ചുള്ളിയാർ ജലസംഭരണിയിൽ എത്തിക്കുന്ന പദ്ധതിയാണ് പലകപ്പാണ്ടി ജലസേചന പദ്ധതി. പാഴായിപ്പോകുന്ന 20-25 ദശലക്ഷം ഘനമീറ്റർ ജലത്തിൽ ചുള്ളിയാർ ഡാമിന്റെ സംഭരണശേഷിയായ 13.70 ദശലക്ഷം ഘനമീറ്റർ ജലം മാത്രം തിരിച്ച് കൊണ്ടു പോകുകയും ബാക്കി ജലം നിലവിലുള്ളതുപോലെ പുഴയിലൂടെ തന്നെ ഒഴുക്കിവിടുകയുമാണ് ലക്ഷ്യം. ഈ പദ്ധതിയുടെ നിർമ്മാണം നാലു ഭാഗങ്ങളിലായാണ് നടക്കുന്നത്. ഇതിൽ ആദ്യ രണ്ട് ഭാഗങ്ങളിലെ നാല് തടയണകളും, കനാലിന്റെ നിർമ്മാണ പ്രവൃത്തിയും പൂർത്തിയായി. മറ്റ് പ്രവൃത്തികൾ 90%ത്തോളം പൂർത്തിയായി. പദ്ധതി പൂർത്തീകരണത്തോടെ ചുള്ളിയാർ ഡാമിന്റെ പരിധിയിൽ വരുന്ന 2430 ഹെക്ടർ സ്ഥലത്തും മീങ്കര ഡാമിന്റെ പരിധിയിൽ വരുന്ന 1970 ഹെക്ടർ സ്ഥലത്തും ജലസേചനം ഉറപ്പു വരുത്താനാകും.

(46) പലകപ്പാണ്ടി ജലസേചന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ രണ്ടാം ഭാഗത്തിലെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ചിറ്റൂർപുഴ പദ്ധതി**

(47) പാലക്കാട് ജില്ലയുടെ കിഴക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന ഈ പദ്ധതി സംബന്ധിച്ച് 1970-ൽ കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവെച്ച പറമ്പിക്കുളം-ആളിയാർ കരാറിലെ വ്യവസ്ഥകൾ പ്രകാരം തമിഴ്നാട്ടിൽ നിന്നും ലഭിക്കുന്ന ജലം കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കരാർ പ്രകാരം ലഭിക്കുന്ന ജലം 14500 ഹെക്ടർ സ്ഥലത്ത് കൃഷിക്കും മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നുള്ള ജലം 1200 ഹെക്ടർ സ്ഥലത്തെ കൃഷിക്കും ഉപയോഗിക്കുന്നു. 1963-ൽ ആരംഭിച്ച പദ്ധതി 1972-ൽ കമ്മീഷൻ ചെയ്യുകയും 1993-ൽ പണി പൂർത്തീകരിക്കുകയുംചെയ്തു. ആളിയാർ ഡാമിൽ നിന്നും തുറന്നുവിടുന്ന വെള്ളം തമിഴ്നാട്ടിലെ മണക്കടവ് തടയണയിൽ അളന്ന് തിട്ടപ്പെടുത്തി മൂലത്തറ റഗുലേറ്ററിൽ ലഭിക്കുന്നു. വെള്ളം അളന്ന് വാങ്ങേണ്ട ചുമതല സംയുക്ത ജലക്രമീകരണബോർഡിനാണ്. എല്ലാ മാസവും 2 ഘട്ടങ്ങളിലായാണ് ജലം ലഭ്യമാക്കുന്നത്.

(48) ഭാരതപ്പുഴയുടെ പോഷക നദിയായ ചിറ്റൂർ പുഴയ്ക്ക് കുറുകെ മൂലത്തറ എന്ന സ്ഥലത്ത് ഒരു റെഗുലേറ്റർ പണിത് വെള്ളം എത്തിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ മൂലത്തറ ഇടത് കര, വലത് കര കനാലുകൾക്ക് പുറമെ കുന്നംകാട്ടുപതി, തേമ്പാറ വടക്ക്, നർണി, നർണി-ആലംകടവ് എന്നീ സ്ഥലങ്ങളിൽ തടയണകെട്ടി കനാലുകൾ വഴി പദ്ധതിപ്രദേശത്ത് ജലസേചനം നടത്തിവരുന്നു.

(49) 1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പിട്ടിട്ടുള്ള പറമ്പിക്കുളം-ആളിയാർ കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം നടത്താനുള്ള വ്യവസ്ഥയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് പ്രകാരം പുനരവലോകനം നടത്താത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുകയും കരാറിലെ വ്യവസ്ഥകൾക്ക് ആനുകാലികമായി മാറ്റം വരുത്തി കരാർ നവീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

**കുറ്റ്യാടി ജലസേചന പദ്ധതി**

(50) മലബാർ മേഖലയിൽ ധാരാളം ജലസ്രോതസ്സുള്ള ജലസംഭരണികളിലൊന്നാണ് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതി. 14568.7 ഹെക്ടർ സ്ഥലത്ത് ഒന്നും രണ്ടും വിളകളും 2020 ഹെക്ടർ സ്ഥലത്ത് മൂന്നാംവിളയും ഉൾപ്പെടെ 31160 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. കുറ്റ്യാടിപ്പുഴയ്ക്ക് കുറുകെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ പെരുവണ്ണാമൂഴിയിൽ 170.69 മീറ്റർ നീളത്തിലും 35.36 മീറ്റർ ഉയരത്തിലുമുള്ള പ്രധാന അണക്കെട്ടും 1844 മീറ്റർ നീളത്തിലുള്ള 14 എർത്ത് ഡാമുകളും ചേർന്ന ജലസംഭരണിയിൽ 120.52 mm3 ജലം സംഭരിക്കുന്നു. 14569 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനായി 1962-ൽ ആരംഭിച്ച പദ്ധതി 1973-ൽ ഭാഗികമായി കമ്മീഷൻ ചെയ്യുകയും 1993-ൽ പൂർത്തിയാക്കിയ പദ്ധതി 1994-ൽ കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഈ പദ്ധതിയുടെ അസ്സൽ അടങ്കൽ 4.96 കോടി രൂപയും ആകെ ചെലവായത് 70 കോടി രൂപയുമാണ്. 43 മീറ്ററിനുമേൽ ജലം സംഭരിക്കുമ്പോൾ ചക്കിട്ടപ്പാറ പഞ്ചായത്തിൽ മുളകാട് പ്രദേശത്തെ 12 വീടുകളും 2.56 ഏക്കർ സ്ഥലവും മുങ്ങിപ്പോവുകയോ ഒറ്റപ്പെട്ടുപോവുകയോ ചെയ്യുമെന്ന് നിരീക്ഷിച്ച സമിതി ഒറ്റപ്പെട്ടു പോകുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും ഭൂമിക്ക് ന്യായവില നൽകണമെന്നും ശിപാർശ ചെയ്യുന്നു.

(51) കുറ്റ്യാടി പദ്ധതിയുടെ ഇടതുകര കനാലിന്റെ പ്രധാന ശാഖയായ പൂളക്കടവ് എന്ന സ്ഥലത്ത് പൂനൂർ പുഴയിൽ ചെക്ക് ഡാം കെട്ടി കോഴിക്കോട് കോർപ്പറേഷന് വെള്ളം നൽകിവരുന്നതായും കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കുവേണ്ടി വാട്ടർ അതോറിറ്റി ജലം നൽകുന്നതായും സമിതി മനസ്സിലാക്കുന്നു. കനാലിലെ സ്വീപ്പേജ് ലോസ്സ് കാരണം കോഴിക്കോട് ടൗണിന് വെള്ളമെത്തിക്കാൻ കഴിയാത്തത് വകുപ്പിന്റെ അനാസ്ഥയാണെന്ന് നിരീക്ഷിക്കുന്ന സമിതി കനാലിന്റെ പുനർനിർമ്മാണം ത്വരിതപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

**കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി**

(52) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകളിലെ കാർഷിക പ്രദേശങ്ങളിലേക്ക് ജലസേചനം ലക്ഷ്യമിട്ട കാഞ്ഞിരപ്പുഴ പദ്ധതി രണ്ട് ഘട്ടമായി പൂർത്തിയാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഒന്നാം ഘട്ടത്തിൽ ഭാരതപ്പുഴയുടെ കൈവഴിയായ കാഞ്ഞിരപ്പുഴയ്ക്കു കുറുകെ അണകെട്ടി അതിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് 9713 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനും രണ്ടാം ഘട്ടത്തിൽ തുപ്പനാട് പുഴയിൽ അണകെട്ടി അതിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് 5957 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പണി പൂർത്തിയായ ഒന്നാംഘട്ടത്തിൽ വിഭാവനം ചെയ്ത മുഴുവൻ കനാലുകളും സ്ഥലമെടുപ്പിന്റെയും ഫണ്ടിന്റെയും പ്രശ്നങ്ങൾ കാരണം പൂർത്തിയാകാത്തതിനാൽ 8466 ഹെക്ടർ സ്ഥലത്ത് ജലം എത്തിക്കാനുള്ള സൗകര്യങ്ങളാണ് നിലവിലുള്ളത്. എന്നാൽ കാലാകാലങ്ങളായി നടത്തേണ്ട അറ്റകുറ്റപ്പണികളുടെ അഭാവവും പദ്ധതി നടത്തിപ്പിലെ കാലതാമസവും മൂലം 5841 ഹെക്ടർ സ്ഥലത്ത് മാത്രമേ ജലം എത്തുന്നുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. 30 കോടിയുടെ നവീകരണ പദ്ധതി നടത്തിവരുന്നുണ്ട്. 6 കോടി രൂപയിലധികം ചെലവഴിച്ച് കഴിഞ്ഞുവെന്ന് സമിതിയുടെ പരിശോധനയിൽ വ്യക്തമായി.

(53) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തേണ്ടതാണ്. പ്രസ്തുത പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി റവന്യൂ വരുമാനത്തിന്റെ നല്ലൊരു ശതമാനം ചെലവഴിച്ചിട്ടും അതിനനുസൃതമായ പ്രയോജനം ലഭിക്കുന്നില്ലെന്നതിനാൽ ആയതു സംബന്ധിച്ച് വിശദമായ അവലോകനം നടത്തി നിജസ്ഥിതി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയുടെ സമ്പൂർണ്ണമായ പ്രയോജനം ലഭ്യമാകത്തക്ക വിധത്തിൽ സമയബന്ധിതമായി ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തി പൂർത്തിയാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

**പഴശ്ശി ജലസേചന പദ്ധതി**

(54) മലബാർ മേഖലയിലെ ആദ്യ ജലസേചന പദ്ധതിയാണ് പഴശ്ശി ജലസേചന പദ്ധതി. 11525 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്ക് ആവശ്യമായ ജലം എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഡാമിന് 3.44 ടി.എം.സി. കപ്പാസിറ്റിയുള്ളതും 46.26 കി.മി. കനാൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 1961-ൽ ആരംഭിച്ച പദ്ധതി 1979-ൽ കമ്മീഷൻ ചെയ്തു.

(55) 4.42 കോടി രൂപ അടങ്കൽതുക നിശ്ചയിച്ച് 1961-ൽ ആരംഭിച്ച് 1967-68-ൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടതെങ്കിലും സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പതിനാല് കുടിവെള്ളപദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്. 2009-ൽ ജലസംഭരണം തുടങ്ങിയെങ്കിലും പരമാവധി ജലനിരപ്പ് എത്തിയപ്പോൾ ഒരു ഷട്ടർ പൊട്ടി ഗുരുതരമായ അവസ്ഥയുണ്ടായി. നിലവിലുള്ള 16 ഷട്ടറുകൾ മുഴുവൻ മാറ്റി പുതിയവ സ്ഥാപിച്ചുകഴിഞ്ഞതായി സമിതി മനസ്സിലാക്കുന്നു.

(56) സർക്കാർ ഖജനാവിൽനിന്ന് വൻ തുക ചെലവാക്കിയിട്ടും പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ സാധിക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു.

(57) ഡാമിനെ ആശ്രയിച്ച് പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് ഡാമിൽ 16.5 മീറ്റർ ഉയരത്തിൽ എപ്പോഴും വെള്ളം സംഭരിക്കപ്പെടേണ്ടതുണ്ട്. ആയതിനായി ആറളം ഡാമിന്റെ കിഴക്കുഭാഗത്തു തടയണ നിർമ്മിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(58) പദ്ധതി അടങ്കൽതുക വളരെ വർദ്ധിച്ച സാഹചര്യത്തിൽ കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് നടത്തേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. 11525 ഹെക്ടർ സ്ഥലത്ത് ജലസേചനം എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കാട്ടാമ്പള്ളി പദ്ധതി**

(59) 3168 ഏക്കർ സ്ഥലത്ത് ജലസേചനം എന്ന ലക്ഷ്യത്തോടെ 1966-ൽ കമ്മീഷൻ ചെയ്ത പ്രോജക്ടാണ് കാട്ടാമ്പള്ളി പദ്ധതിയെങ്കിലും 3000 ഏക്കർ സ്ഥലം ഉപ്പുവെള്ളം കയറി കൃഷിയോഗ്യമല്ലാതായി എന്നും 1000 ഏക്കർ സ്ഥലത്ത്

കൃഷിക്കാവശ്യമായ വെള്ളം മാത്രമേ ലഭ്യമാക്കാൻ സാധിക്കുന്നുള്ളൂ എന്നും സമിതി മനസ്സിലാക്കി. പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് മതിയായ പഠനം നടത്തി പ്രോജക്ട് തയ്യാറാക്കാത്തതാണ് പദ്ധതിയുടെ പരാജയത്തിന് കാരണമെന്ന് സമിതി നിരീക്ഷിക്കുന്നു. വകുപ്പിൽ ആധുനിക സംവിധാനങ്ങളുടെ അഭാവവും വകുപ്പിന്റെ അലംഭാവവും പരാജയകാരണങ്ങളാണ്. കാട്ടാമ്പള്ളി റഗ്ഗുലേറ്റർ കം ബ്രിഡ്ജിന്റെ ഉദ്ദേശലക്ഷ്യം, പദ്ധതിയുടെ ലക്ഷ്യം നിറവേറ്റുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നും മതിയായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം പദ്ധതികൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(60) പല സ്ഥലങ്ങളിലും കനാലുകൾ തകർന്ന് വെള്ളം പാഴായിപ്പോകുന്ന അവസ്ഥയുള്ളതിനാൽ കനാലുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വകുപ്പ് പ്രാധാന്യം നൽകണമെന്നും ജലവിതരണ കലണ്ടർ തീരുമാനിക്കുന്നത് ജനപങ്കാളിത്തത്തോടെ ആയിരിക്കണമെന്നും കനാലുകളിലൂടെ ജലം തുറന്നുവിടുന്നതിന് മുമ്പായി കനാലുകൾ വൃത്തിയാക്കി തടസ്സങ്ങൾ നീക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. ഓരോ വർഷവും മിക്ക സമയങ്ങളിലും പഴശ്ശി ജലസേചന പദ്ധതിയിൽ വെള്ളത്തിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ ഡാമിൽ വെള്ളം ശേഖരിക്കുന്നതിന് പ്രത്യേകശ്രദ്ധ നൽകണമെന്നും നവംബർ മാസം മുതൽ സംഭരണത്തിനുള്ള നടപടികൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കാരാപ്പുഴ പദ്ധതി**

(61) 2010-ൽ ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതി 601 ഹെക്ടർ സ്ഥലം ജലസേചനയോഗ്യമാക്കി. 5221 ഹെക്ടർ ആയക്കെട്ട് ഉദ്ദേശിച്ചുള്ള പദ്ധതിക്കായി കനാലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസം പദ്ധതി പൂർത്തീകരിക്കുന്നതിൽ തടസ്സമാകുന്നതായി സമിതി വിലയിരുത്തുന്നു. പദ്ധതിയുടെ ബാക്കിയുള്ള കനാലുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി ജലവിതരണ ശൃംഖലകൾ പൂർണ്ണമായും നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് കൈക്കൊള്ളുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(62) പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവും ആവശ്യമായ ഫണ്ട് ലഭ്യമാക്കാത്തതും പദ്ധതിയുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പദ്ധതിക്ക് വേണ്ടത്ര സാങ്കേതിക ജീവനക്കാരെ നിയമിക്കണമെന്നും പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ബാണാസുരസാഗർ പദ്ധതി**

(63) വൈത്തിരി, മാനന്തവാടി താലൂക്കുകളിലെ 4740 ഹെക്ടർ നെൽപ്പാടങ്ങളിൽ ജലസേചനസൗകര്യം ഒരുക്കുന്നതിന് ലക്ഷ്യമിട്ട പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നത് കേരള സംസ്ഥാന വൈദ്യുതി ബോർഡാണ്. ഇത് ഒരു വിവിധോദ്ദേശ്യ പദ്ധതിയാണ്. ബാണാസുരസാഗർ പദ്ധതിയുടെ മെയിൻ കനാലുകളിൽ 370 മീറ്റർ വരുന്ന ഒരു ഭാഗം ഒഴികെ ബാക്കി ഭാഗങ്ങളുടെ പണി പൂർത്തീകരിച്ചു. ശാഖകളുടെയും വിതരണികളുടെയും പണി സ്ഥലം ലഭ്യമായ ഭാഗങ്ങളിൽ പുരോഗമിക്കുന്നു. ഭൂമി ലഭിക്കേണ്ട സ്ഥലങ്ങളിൽ ഏറ്റെടുക്കൽ നടപടി തുടരുന്നുവെന്നും സമിതി മനസ്സിലാക്കി. <u>ടി പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഈ പദ്ധതിയുടെ ആവശ്യത്തിലേക്കായി ഇനിയും ഏറ്റെടുക്കേണ്ടതായ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.</u>

**പറമ്പിക്കുളം-ആളിയാർ പദ്ധതി**

(64) 1958 നവംബർ 9-ാം തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ കേരളവും തമിഴ്നാടും തമ്മിൽ 1970 മേയ് 29-ാം തീയതി ഒപ്പുവെച്ച പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജല കരാർ ഇരുസംസ്ഥാനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, പെരിയാർ എന്നീ നദീ തടങ്ങളിലെ പദ്ധതി നിർമ്മാണവും ജലം പങ്കുവെക്കലും സംബന്ധിച്ചുള്ളതാണ്. കേരളത്തിലും തമിഴ്നാട്ടിലുമായി ഒഴുകിക്കൊണ്ടിരിക്കുന്ന നദികളിൽ നിന്നും കനാലുകളിൽ നിന്നും പുറത്തുവിടുന്ന ജലത്തിന്റെ അളവെടുക്കലും നിയന്ത്രിക്കലും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതി കേരളത്തിനും തമിഴ്നാടിനും ഉപയോഗപ്രദമാകുംവിധം നദീജലത്തിന്റെ ഗതിയെ പടിഞ്ഞാറുനിന്നും കിഴക്കോട്ടേക്ക് ഒഴുകുംവിധം രൂപപ്പെടുത്തിയിട്ടുള്ളതാണ്. പത്ത് ജലസംഭരണികളും ഗതി നിയന്ത്രിക്കുന്ന ഘടകങ്ങളും (അണക്കെട്ടുകളും ചിറകളും) 800 കി.മീറ്റർ കനാലുകളും 81 കി.മീറ്റർ ടണലുകളും അടങ്ങിയിട്ടുള്ളതാണ് ഈ പദ്ധതി. തമിഴ്നാട്, ഷോളയാർ, അപ്പർ നീരാർ, ലോവർ നീരാർ, പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം, തിരുമൂർത്തി, ആളിയാർ, മണക്കടവ് എന്നീ ജലസംഭരണികളിൽ നാലെണ്ണം കേരളത്തിലും ബാക്കി ആറെണ്ണം തമിഴ്നാട്ടിലുമാണ്. പദ്ധതി പ്രദേശത്ത് 226 കെട്ടിടങ്ങളുണ്ടായിരുന്നതിൽ 110 എണ്ണം കേരളത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്നവ ഇപ്പോഴും തമിഴ്നാടിന്റെ അധീനതയിലാണെന്നും കേരളവും തമിഴ്നാടും തമ്മിലുള്ള കരാർ പ്രകാരം പ്രസ്തുത കെട്ടിടങ്ങളെല്ലാം കേരളത്തിന് കൈമാറണമെന്ന് തീരുമാനമെടുത്തെങ്കിലും ഇതുവരെ കൈമാറിയിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു.

(65) തമിഴ്നാട്ടും കേരളവും തമ്മിലുള്ള പ്രസ്തുത കരാർ പ്രകാരം കേരളത്തിന് രണ്ട് സ്ഥലങ്ങളിലായി പ്രതിവർഷം 19.55 ടി.എം.സി.എഫ്.ടി. ജലം ലഭിക്കേണ്ടതായുണ്ട്. തമിഴ്നാട് കേരള അതിർത്തിയിലുള്ള മണക്കടവിൽ (ചിറ്റൂർപ്പുഴ) 7250 ദശലക്ഷം ഘനയടി ജലവും കേരള ഷോളയാറിലെ പവർഹൗസിൽ 12300 ദശലക്ഷം ഘനയടി ജലവും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിലെ അപ്പർ നീരാറിലെ നീരൊഴുക്കും കേരളത്തിന് നൽകേണ്ടതും സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും കേരള ഷോളയാർ ജലസംഭരണി പൂർണ്ണമായി നിറച്ച് നൽകേണ്ടതുമാണ്. തമിഴ്നാട് പ്രസ്തുത വ്യവസ്ഥകൾ പാലിക്കാതിരുന്നതിനെത്തുടർന്ന് ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും പ്രസ്തുത ജലസംഭരണി പൂർണ്ണമായും നിറച്ചുവരുന്നു.

(66) കൂടാതെ ഓരോ ജലവർഷവും പറമ്പിക്കുളം ഗ്രൂപ്പിലേയും ലോവർ നീരാറിലേയുംകൂടി നീരൊഴുക്ക് 16.5 ടി.എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ പ്രസ്തുത അധിക ജലത്തിൽ 2500 ദശലക്ഷം ഘനയടിവരെ മണക്കടവിലേക്കും ബാക്കി ചാലക്കുടിപ്പുഴയിലേക്കും തമിഴ്നാട് നൽകേണ്ടതാണ്. എന്നാൽ 40 വർഷത്തെ നീരൊഴുക്ക് കണക്കാക്കിയപ്പോൾ അഞ്ചുവർഷം മാത്രമാണ് 16.5 ടി.എം.സി.എഫ്.ടി.യിൽ കൂടുതൽ ജലം ലഭിച്ചിട്ടുള്ളത് എന്നതിനാൽ 16.5 ടി.എം.സി.എഫ്.ടി. എന്ന കുറഞ്ഞ തോത് വീണ്ടും കുറച്ചുകൊണ്ടുവന്ന് 5 ടി.എം.സി.എഫ്.ടി. ജലം എല്ലാ വർഷവും നൽകണമെന്നും തമിഴ്നാടിനനുകൂലമായ നിലവിലുള്ള വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ചിറ്റൂർപ്പുഴവാലി ബെയ്സിനിൽ നിന്നും കേരളത്തിന് ലഭിക്കുന്ന 7.25 ടി.എം.സി.എഫ്.ടി. ജലം പര്യാപ്തമല്ലാത്തതിനാൽ 12 ടി.എം.സി.എഫ്.ടി ജലം ലഭ്യമാക്കണമെന്ന ആവശ്യം കേരളം മുന്നോട്ടുവച്ചെങ്കിലും പ്രസ്തുത ജലത്തിന് കേരളത്തിന് അർഹതയില്ലെന്നാണ് നിയമ വകുപ്പിൽ നിന്നും ലഭിച്ച ഉപദേശമെന്നും കരാർ പുനരവലോകന ചർച്ചയിൽ കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള വ്യവസ്ഥകൾ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമല്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

(67) പറമ്പിക്കുളം ഡാമിന്റെ സംഭരണശേഷി 17 ടി.എം.സി.എഫ്.ടി. ആണ്. ചെളി അടിഞ്ഞുകൂടിയത് ഡാമിന്റെ സംഭരണശേഷിയെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സെഡിമെന്റേഷൻ ടെസ്റ്റ് നടത്തിയിട്ട് 30 വർഷമായി എന്ന് സമിതി മനസ്സിലാക്കുന്നു.

(68) കരാർ പ്രകാരം പറമ്പിക്കുളം ഡാമിൽ നിന്ന് ടണൽ വഴി തമിഴ്നാട്ടിലേക്ക് ജലം കൊണ്ടുപോകാമെന്ന് വ്യവസ്ഥയുള്ളതായും, പ്രസ്തുത ജലം കോണ്ടൂർ കനാൽ വഴി കൊണ്ടുപോകുമ്പോൾ ഓരോവർഷവും 4 ടി.എം.സി.എഫ്.ടി. ജലം അനധികൃതമായി തമിഴ്നാട്ടിലേയ്ക്ക് പോകുന്നതായും, അത് കണക്കിലെടുത്താണ് ചിറ്റൂർപ്പുഴയിൽ നിന്നും 12 ടി.എം.സി.എഫ്.ടി ജലം കേരളത്തിന് ലഭ്യമാക്കണമെന്ന് തമിഴ്നാടിനോടാവശ്യപ്പെട്ടതെന്നും സമിതി മനസ്സിലാക്കുന്നു.

(69) <u>പാലക്കാട് ജില്ലയിലെ ഓരോ ജലസേചനപദ്ധതിയിൽ നിന്നും നിലവിൽ എത്ര കർഷകർക്ക് പദ്ധതിയുടെ ആരംഭം മുതലുണ്ടായിരുന്ന പ്രയോജനം ലഭിക്കുന്നുവെന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(70) സംയുക്ത ഗേജിംഗ് കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ തുക ഓരോ സാമ്പത്തിക വർഷവും ലഭിക്കാത്തത് പറമ്പിക്കുളം ആളിയാർ ഡിവിഷന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുവെന്നും, പറമ്പിക്കുളം ഗേജിങ്ങിൽ ടെക്നിക്കൽ സ്റ്റാഫ് കുറവാണെന്നും, പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സ്റ്റാഫ് സ്ട്രെങ്ത് മാത്രമേ ചിറ്റൂർ ഡിവിഷന്റെ കീഴിലുള്ളു എന്നും സമിതിയെ അറിയിച്ച ഉദ്യോഗസ്ഥർ പദ്ധതിപ്രദേശത്തു നടക്കുന്ന സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി പ്രത്യേക കർമ്മപരിപാടി ആവിഷ്കരിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതിയോടഭ്യർത്ഥിച്ചു.

(71) പറമ്പിക്കുളം പദ്ധതി പ്രദേശത്ത് ജോലിചെയ്യുന്ന ജീവനക്കാരിൽ ഭൂരിഭാഗംപേർക്കും കേരള-തമിഴ്നാട് അതിർത്തിയിലെ വനപ്രദേശങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്നുവെന്നും ഇവിടെ യാത്രാസൗകര്യം, ചികിത്സാസൗകര്യം എന്നിവ കുറവായതിനാൽ കുടുംബമായി താമസിച്ച് ജോലിചെയ്യാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുവെന്നും ഇവിടുത്തെ ജീവനക്കാർക്ക് നിലവിലുള്ള 10% സ്പെഷ്യൽ പേ 25% ആക്കി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടെങ്കിലും അനുവദിച്ചിട്ടില്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

(72) <u>പറമ്പിക്കുളം പദ്ധതി പ്രദേശത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്കും, ഗ്രൗണ്ട് വാട്ടർ, വനം എന്നീ വകുപ്പുകളിലെ ജീവനക്കാർക്കും സ്പെഷ്യൽ പേ അനുവദിച്ചാൽ ഡി.എ. അനുവദിക്കില്ലെന്ന സർക്കാർ നിലപാട് പുനഃപരിശോധിക്കണമെന്നും പ്രസ്തുത ജീവനക്കാർക്കും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലെയും വനംവകുപ്പിലെയും ജീവനക്കാർക്കും സ്പെഷ്യൽ പേ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

(73) പറമ്പിക്കുളം പദ്ധതി പ്രദേശത്ത് തമിഴ്നാടിന്റെ കൈവശമുള്ള വനം വകുപ്പിന്റെ കുറച്ച് ഭൂമി തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(74) പദ്ധതി പ്രദേശത്തുള്ള സർക്കാർ ഭൂമി അനധികൃതമായും നിയമ വിരുദ്ധമായും കൈയ്യേറ്റം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുവാനും കയ്യേറ്റ ഭൂമി സമയബന്ധിതമായി ഒഴിപ്പിക്കുവാനും ആവശ്യമായ കർമ്മ പരിപാടിയ്ക്ക് സർക്കാർ രൂപം കൊടുക്കണമെന്നും, ഇതിനാവശ്യമായ ജീവനക്കാരെയും അനുബന്ധ സൗകര്യങ്ങളും അടിയന്തരമായി ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**അന്തർസംസ്ഥാന നദീജല തർക്കങ്ങൾ**

*ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പാലക്കാട്*

(75) കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവെച്ച അന്തർസംസ്ഥാന നദീജലകരാറിന്റെ സംരക്ഷണാർത്ഥം കേരളത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനും കേരളത്തിനും തമിഴ്നാടിനും ലഭിക്കുന്ന ജലം സംയുക്തമായി അളന്ന് തിട്ടപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും വേണ്ടി 1970 മുതൽ കേരള സംസ്ഥാന ജലസേചന വകുപ്പിന്റെ കീഴിൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ പാലക്കാട് പ്രവർത്തിച്ചുവരുന്നു. പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട കേരള സംസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത് ഈ ഓഫീസ് മുഖേനയാണ്. പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രശ്നങ്ങളും സംയുക്ത ഗേജിംഗിലൂടെ ലഭ്യമാകുന്ന ജലത്തിന്റെ അളവും നിരീക്ഷിച്ച് അതു സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ജോയിന്റ് വാട്ടർ ബോർഡ് യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി ജലവിഹിതം നേടി യെടുക്കുകയും അക്കാര്യങ്ങൾ യഥാസമയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുന്നു. കൂടാതെ ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, പെരിയാർ നദീതടങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങൾ ജലം ചോർത്തിക്കൊണ്ട് പോകുന്നത് തടയുന്നതിനുള്ള വിജിലൻസ് ജോലികളും ഈ ഓഫീസ് നിർവ്വഹിക്കുന്നു.

(76) ഈ ഓഫീസിന് കീഴിൽ ആളിയാറും പറമ്പിക്കുളവുമായി രണ്ട് സബ് ഡിവിഷനുകളും ആളിയാർ സബ് ഡിവിഷനുകീഴിൽ മീനാക്ഷിപുരം, ആളിയാർ, നീരാർ, തമിഴ്നാട് ഷോളയാർ, കേരള ഷോളയാർ എന്നിവിടങ്ങളിൽ അഞ്ച് സെക്ഷൻ ഓഫീസുകളും പറമ്പിക്കുളം സബ്ഡിവിഷന് കീഴിൽ പറമ്പിക്കുളം സർക്കാർപതി, തിരുമൂർത്തി എന്നിവിടങ്ങളിൽ മൂന്ന് സെക്ഷൻ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

(77) കേരളത്തിനും തമിഴ് നാടിനും ലഭിക്കുന്ന ജലം അളന്ന് തിട്ടപ്പെടുത്തുന്ന സംയുക്തഗേജിംഗ് കാര്യക്ഷമമായി നടത്തുന്നതിനായി പാലക്കാട് ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിവിഷന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഓരോ സാമ്പത്തികവർഷവും മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(78) ഈ ഓഫീസിന്റെ കീഴിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ കേരള-തമിഴ്നാട് അതിർത്തിയിലെ വനപ്രദേശങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്നതിനാൽ, ഏറെ ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കേണ്ടി വരുന്നു. ഇതുമൂലം ഈ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നതിന് ഉദ്യോഗസ്ഥർ വിമുഖത കാട്ടുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ആട്ടോമാറ്റിക് സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(79) ഈ ഓഫീസിലെ തസ്തികകൾ താല്ക്കാലിക തസ്തികകളായതിനാൽ ആയത് ഓഫീസിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഓഫീസ് പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിന് സ്ഥിരം ജീവനക്കാർ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പാലക്കാടിന്റെ കീഴിൽ സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നദീസംയോജനം സംബന്ധിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടിലെ വിശദാംശങ്ങൾ**

*പമ്പ-അച്ചൻ കോവിൽ വൈപ്പാർ ലിങ്ക് പദ്ധതി*

(80) നദീസംയോജന പദ്ധതിയുടെ ഭാഗമായി ദേശീയ ജലവികസന ഏജൻസി (NWDA) വിഭാവനം ചെയ്ത 16 peninsular link proposal-കളിൽ പമ്പ-അച്ചൻ കോവിൽ-വൈപ്പാർ ലിങ്ക്പദ്ധതി 16-ാമതായി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് ദേശീയ ജലവികസന ഏജൻസി 1995-ൽ തയ്യാറാക്കിയിരുന്നു. പ്രസ്തുത പദ്ധതിയെ കേരളം തുടക്കം മുതൽക്കേ എതിർത്തിരുന്നു. തുടർന്ന് പദ്ധതി നടപ്പിലാക്കിയാൽ കേരളത്തെ അത് എങ്ങനെ ബാധിക്കും എന്നതു സംബന്ധിച്ച് പഠനം നടത്തി CWRDM, IIT Delhi എന്നീ സ്ഥാപനങ്ങൾ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു.

(81) Centre for Water Resources Development Management, Kozhickode വേമ്പനാട് കായലിൽ പതിക്കുന്ന നദികളെക്കുറിച്ച് പഠനം നടത്തിയതിൽ ഈ നദികളിൽ അധിക ജലം ഇല്ലെന്നും രണ്ടു നദികളിലുംകൂടി 80 കോടി ഘനമീറ്റർ ജലം കുറവുണ്ടെന്നും 2050 ആകുമ്പോഴേക്കും രൂക്ഷമായ ജലക്ഷാമം ഉണ്ടാകുമെന്നും പ്രതിപാദിച്ചിരിക്കുന്നു. പദ്ധതി നടപ്പിൽ വന്നാൽ പമ്പ, അച്ചൻ കോവിൽ നദികൾ വറ്റി വരളുകയും മദ്ധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സംതുലനം തകരാറിലാകുകയും ചെയ്യും. നദികളോരോന്നും വ്യത്യസ്ത ജൈവവ്യവസ്ഥകളായതിനാൽ അവയുടെ ഒഴുക്കിന് മാറ്റം വരുത്തുന്നത് ആശങ്കാജനകമാണ്. കൂടാതെ കേരളത്തിന്റെ നിബിഡ വനങ്ങളും തേക്കിൻതോട്ടങ്ങളും ഉൾപ്പെടെ 2004 ഹെക്ടർ സ്ഥലം മുങ്ങിപ്പോകുകയും നദികളുടെ മുകൾ ഭാഗങ്ങളിൽ വച്ച് തന്നെ ജലം തിരിച്ച് വിടുന്നത് മൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ കുടിവെള്ളക്ഷാമമുണ്ടാകുകയും ഗുരുതരമായ പരിസ്ഥിതി പ്രത്യാഘാതങ്ങൾ ഉണ്ടാകുകയും ചെയ്യുന്നതാണ്. വൈദ്യുതി ഉൽപ്പാദനത്തിനുള്ള ചെറിയ പദ്ധതികൾപോലും മുടങ്ങുന്ന അവസ്ഥയുണ്ടാകും. വേമ്പനാട് കായലിൽ പതിക്കുന്ന ഈ നദികളിലെ നീരൊഴുക്ക് കുറയുന്നത് കായലിൽ ഓരുജലം കയറുന്നതിനും അതുവഴി കുട്ടനാടിന്റെ കൃഷി, മത്സ്യസമ്പത്ത് എന്നിവയുടെ നാശത്തിന് വഴിതെളിക്കുകയും ചെയ്യും. ലക്ഷക്കണക്കിന് വരുന്ന ശബരിമല തീർത്ഥാടകരെയും പമ്പാതീരത്ത് നടക്കുന്ന മരാമൺ കൺവെൻഷനെയും ജലദൗർലഭ്യം ദോഷകരമായി ബാധിക്കും. കീഴ്ത്തടങ്ങളിൽ ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾ, ലവണരസ അധിനിവേശം, വ്യവസായ പദ്ധതികൾക്ക് ജലദൗർലഭ്യം എന്നിവ ഉണ്ടാകുമെന്നും പഠനം വ്യക്തമാക്കുന്നു. കൂടാതെ പദ്ധതി നടപ്പിലാക്കുന്നതുമൂലം Ramsar Site ആയ Vembanad Wet land-ന് ജീർണ്ണാവസ്ഥ സംഭവിക്കുമെന്നും കൊച്ചി തുറമുഖത്തെയും ടി പദ്ധതി പ്രതികൂലമായി ബാധിക്കുമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു.

(82) <u>കേരളത്തിൽ ഇത്രത്തോളം സാമൂഹിക പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കുന്ന ഈ പദ്ധതി ഉപേക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**പര്യവേഷണം പൂർത്തിയായതും പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ**

*ചാലിയാർ നദീതട പദ്ധതി*

(83) മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ ചുങ്കത്തറ ഗ്രാമത്തിൽ ചാലിയാർ നദിയ്ക്ക് കുറുകെ ഒരു മണൽഡാം നിർമ്മിക്കുക എന്നതാണ് ഈ പദ്ധതിയ്ക്ക് വേണ്ടിയുണ്ടായിരുന്ന ആദ്യ പ്രൊപ്പോസൽ. ചാലിയാർ നദിയ്ക്ക് കുറുകെ ചുങ്കത്തറ പൂക്കോട്ടുമണ്ണയിലും മാംപാട് ഗ്രാമപഞ്ചായത്തിൽ ഒടായിക്കലിലും റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തീകരിച്ചു. ചാലിയാർ ബേസിനിൽ അനുവദിച്ച 17 ചെക്ക് ഡാമുകളിൽ 16 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(84) പൂർത്തിയാക്കുവാനുള്ള ചെക്ക് ഡാമിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്കീംസ് ഇൻ കബനി സബ് ബേസിൻ**

(85) കബനി സബ് ബേസിനിൽ നിന്നും കേരളത്തിന് അനുവദിച്ചിട്ടുള്ള ജലം വിനിയോഗിക്കുന്നതിനായി കടമാൻതോട്, ചുണ്ടേലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി, ചെകാട്ട്, മഞ്ചാട്, തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടുപുഴ എന്നീ 9 പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കടമാൻ തോട് പ്രോജക്ടിന്റെ ആയക്കെട്ട് 2397.04 ഹെക്ടറും ആകെ ചെലവ് 330 കോടി രൂപയുമാണ്. ചുണ്ടേലിപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ ആയക്കെട്ട് 4724 ഹെക്ടറും ആകെ ചെലവ് 341 കോടി രൂപയുമാണ്. മറ്റ് പ്രോജക്ടുകളുടെ പ്രാഥമിക സർവ്വേ മാത്രമാണ് 2016 ഡിസംബർ 30 വരെ നടപ്പിലായിട്ടുള്ളത്.

(86) കടമാൻ തോട്, ചുണ്ടേലിപ്പുഴ എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതിയും നിലവിലെ അവസ്ഥയും സംബന്ധിച്ച റിപ്പോർട്ട്.

**സ്കീംസ് ഇൻ പാമ്പാർ ബേസിൻ**

(87) ചെമ്പക്കാട്, തലയാർ, വട്ടവട, ചെൻഗല്ലാർ എന്നിവയാണ് പമ്പാബേസിനിൽ പര്യവേഷണത്തിന് അനുമതി ലഭിച്ചിട്ടുള്ള സ്കീമുകൾ. ചെൻഗല്ലാർ, ചെമ്പക്കാട്, തലയാർ എന്നിവയിൽ ആദിവാസികൾക്ക് അനുവദിച്ച ഭൂമി കൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ട്രൈബൽ ഭൂമിക്കുള്ള ജലസേചനത്തിന് വേണ്ടി പ്രത്യേക സ്കീം പര്യവേഷണം നടത്തേണ്ട ആവശ്യമില്ലെന്ന് തീരുമാനിച്ചു. തലയാറിൽ പര്യവേഷണം നടത്തി അപ്പർച്ചട്ട മൂന്നാർഡാം, ലോവർച്ചട്ട മൂന്നാർഡാം, തലയാർഡാം എന്നിവ നിർമ്മിക്കുക വഴി മുങ്ങിപ്പോകുന്ന സ്ഥലങ്ങൾ ടാറ്റാ തേയിലക്കമ്പനിക്ക് പാട്ടത്തിന് കൊടുത്തിരിക്കുന്ന റവന്യൂ ഭൂമിയും വനഭൂമിയും സ്വകാര്യഭൂമിയുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ചെൻഗല്ലാർ സ്കീമിന്റെ പട്ടിശ്ശേരി ഡാമിന്റെ പ്രാഥമിക ജോലികൾ പൂർത്തീകരിക്കുകയും കാന്തല്ലൂർ ഡാമിന്റെ പ്രാഥമിക സർവ്വെ ജോലികളും വട്ടവട സ്കീമിൽ ഡാമിന്റെ പ്രാഥമിക സർവ്വെ ജോലികളും പൂർത്തീകരിച്ചതായും മണ്ണ് ഖനനം നടക്കുന്നതായും സമിതി മനസ്സിലാക്കുന്നു.

**മീനച്ചിൽ റിവർവാലി പ്രോജക്ട്**

(88) ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ നിന്നുള്ള അധികജലം തിരിച്ചുവിടുന്നതിനുള്ള പ്രൊപ്പോസലാണ് മീനച്ചൽ റിവർവാലി പ്രോജക്ട്. മൂവാറ്റുപുഴ ബേസിന്റെ സമകാലികവും ഭാവിപരവുമായ ആവശ്യങ്ങൾ മുൻനിർത്തി അരക്കുള്ളത്ത് ഒരു വിയർ നിർമ്മിച്ച് തുരങ്കത്തിലൂടെ ഡൈവർഷൻ ചാനൽ ഉപയോഗിച്ച് വെള്ളം തിരിച്ചുവിട്ട്

മീനച്ചിൽ ബേസിനിൽ പ്രവേശിക്കാൻ അനുവദിക്കുന്നു. ഈ പ്രൊപ്പോസലിന്റെ രണ്ടാംഘട്ടത്തിൽ റ്റീക്കൊയ്, പൂഞ്ഞാർ, ഈരാറ്റുപേട്ട, മീനാഡാം, പുതുപ്പള്ളി, തൃക്കൊടിത്താനം എന്നിവിടങ്ങൾക്ക് ഫലപ്രദമാകുന്ന രീതിയിൽ കൂട്ടക്കല്ല്, റാൻസാറ്റു മുന്നിയുടെ കീഴൊഴുക്ക് എന്നിവിടങ്ങളിൽ വിയർ നിർമ്മിച്ച് കനാലിലേക്ക് വെള്ളം തിരിച്ചുവിടുന്നു.

(89) സ്കീംസ് ഇൻ പാമ്പാർ ബേസിൻ, മീനച്ചിൽ റിവർ വാലി പ്രോജക്ട് എന്നിവയുടെ കീഴിൽ പര്യവേഷണം നടത്തിയ പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**റിവർ ബേസിൻ അതോറിറ്റി**

(90) തണ്ണീർത്തടങ്ങളുടെയും നദികളുടെയും സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി, സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡുകൾ, തണ്ണീർത്തട വികസന ബോർഡുകൾ എന്നിവയുടെ രൂപീകരണം സംബന്ധിച്ച 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ, സഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

(91) പ്രസ്തുത ബിൽ നിയമമാക്കിയാൽ നദികളുടെയും തണ്ണീർത്തടങ്ങളുടെയും പരിപാലനവും സംരക്ഷണവും വിവിധ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനത്താൽ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ, 2013 നിയമമാക്കുന്നതിനും കേരളത്തിലെ നദികളുടെ സംരക്ഷണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് നദീ-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡുകൾ എന്നിവ രൂപീകരിക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ജലസേചനപദ്ധതികൾ-പൊതുനിർദ്ദേശങ്ങൾ

*വൻകിട-ഇടത്തരം ജലസേചനപദ്ധതികളുടെ ആവശ്യകത*

(92) ഓരോ പ്രദേശത്തേയും ജലത്തിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്താൽ വരുംതലമുറ അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു മഹാവിപത്തിനെ ഒരു പരിധിവരെ തടയുവാൻ നമുക്കാകും. ഇതിനായി ജലവിഭവ-ജലസേചന വകുപ്പുകളുടെ അവസരോചിതമായ പ്രവർത്തനം അനിവാര്യമാണ്. ഇതിനായി വകുപ്പ് മുൻകൈ എടുക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. ജലസ്രോതസും ജല ലഭ്യതയും കണക്കിലെടുത്താകണം വിവിധ പദ്ധതികൾ വിഭാവനം ചെയ്യേണ്ടത്. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിമൂലമുള്ള ജലലഭ്യത,

പ്രസ്തുത പദ്ധതിമൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം, നിർമ്മാണത്തിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ, പദ്ധതികൾ മൂലം പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ, അനുബന്ധ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ ഉൾപ്പെടെയുള്ളവ എത്തിക്കുന്നതിലെ ബുദ്ധിമുട്ടുകൾ, പദ്ധതിമൂലം പ്രയോജനം ലഭിക്കുന്ന ഭൂവിഭാഗത്തിന്റെ വിസ്തൃതി എന്നീ വിഷയങ്ങളെല്ലാം പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ പരിഗണിക്കപ്പെടണം. പദ്ധതി ആരംഭിക്കുന്ന വർഷം, കാലാവധി പൂർത്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന സമയം, നിർമ്മാണ കാലയളവിലുണ്ടാകുന്ന ചെലവിന്റെ വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ, ചെലവുകൾ എന്നിവ മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്. പദ്ധതി എത്ര വർഷത്തേയ്ക്ക് പ്രയോജനപ്രദമായിരിക്കുമെന്നും കണക്കാക്കണം. ഓരോ പദ്ധതിയുടെയും ആവശ്യകതയും അനുബന്ധമായ എല്ലാ സൗകര്യങ്ങളും സംബന്ധിച്ച് പഠനം നടത്തി ആവശ്യകതയ്ക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാധ്യത**

(93) ഓരോ പദ്ധതിയുടെയും സാധ്യതാപഠനം നടത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഒരു പ്രോജക്ടിന്റെ അനിവാര്യത, അതുമൂലമുണ്ടാകുന്ന പ്രയോജനങ്ങൾ, നാടിന്റെ പുരോഗതിക്ക് പ്രോജക്ടുകൊണ്ടുള്ള ഗുണങ്ങൾ തുടങ്ങിയ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യതാപഠനം നടത്തണം. പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുമോ എന്നും പദ്ധതിയുടെ വ്യാപ്തി എത്രത്തോളമുണ്ടായിരിക്കുമെന്നും സാധ്യതാ പഠനത്തിലൂടെ മനസ്സിലാക്കേണ്ടതാണ്. കാലാകാലങ്ങളിലെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റംവരുത്താവുന്ന രീതിയിലായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

**ജല ലഭ്യത**

(94) ഓരോ പ്രദേശത്തേയും ജല ലഭ്യതയ്ക്കനുസരിച്ചാകണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. ജലസമ്പന്നത ഉറപ്പുവരുത്തണമെന്നും കാലാകാലങ്ങളിലെ ആനുപാതിക ജല ലഭ്യത, പോഷക നദികളിലെ ജലത്തിന്റെ അളവ്, വരൾച്ചാ സാദ്ധ്യതകൾ എന്നിവയ്ക്കനുസൃതമായി പദ്ധതികൾ തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**രൂപകല്പന**

(95) പദ്ധതികളുടെ രൂപകല്പന മാറുന്ന കാലത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായിരിക്കണം. പ്രദേശത്തെ ജനസാന്ദ്രത, ഭൂപ്രകൃതി, വനനശീകരണത്തിന്റെ തോത് എന്നിവ മുൻകൂട്ടി കണക്കാക്കി പദ്ധതികൾ ഡിസൈൻ ചെയ്യേണ്ടതാണ്.

ഡാമുകളുടെ രൂപകല്പനയ്ക്ക് പ്രത്യേക വൈദഗ്ദ്ധ്യം നേടിയ ആർക്കിടെക്ചർമാരുടെ സേവനം പ്രയോജനപ്പെടുത്തണം. ജലസേചനം, കുടിവെള്ള വിതരണം, എന്നിവയ്ക്കുള്ള പദ്ധതികൾ ആവശ്യങ്ങൾക്ക് അനുസൃതമായ രീതിയിൽ രൂപകല്പന ചെയ്യേണ്ടതാണ്. ഡാമുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും രൂപകല്പനയ്ക്കായി പ്രത്യേക വിംഗ് രൂപീകരിക്കേണ്ടതാണ്. വൈദഗ്ദ്ധ്യം നേടിയ ആർക്കിടെക്റ്റുമാരുടെ നേതൃത്വത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ പ്രോജക്റ്റുകൾ തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

(96) പദ്ധതികളുടെ ഡിസൈൻ തയ്യാറാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് കടുത്ത അലംഭാവം ഉണ്ടാകുന്നതായി സമിതി നിരീക്ഷിക്കുന്നു. വൻ തുകകൾ ചെലവഴിച്ച് വർഷങ്ങൾകൊണ്ട് നടപ്പിലാക്കുന്ന പല പദ്ധതികളും ഉദ്ദേശിച്ചത്ര ഫലപ്രാപ്തിയിലെത്തുന്നില്ല എന്ന് കാണാവുന്നതാണ്. ജിയോളജിക്കൽ സ്റ്റഡി പോലും നടത്താതെ ആരംഭിക്കുന്ന പദ്ധതിമൂലം ഉദ്ദേശിക്കുന്ന അത്രയും പ്രദേശത്ത് കനാലുകൾ വഴി വെള്ളം എത്തിക്കാൻ കഴിയാത്തത് ഡിസൈനിംഗിലെ അപാകത മൂലമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രോജക്റ്റുകൾ വിഭാവനം ചെയ്യുമ്പോൾ ശാസ്ത്രീയമായ ഡിസൈനിംഗ് രീതി സ്വീകരിക്കണമെന്നും ഈ മേഖലയിൽ വൈദഗ്ധ്യമുള്ള എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ വ്യക്തമായ ഡിസൈനിംഗ് വിംഗ് രൂപീകരിക്കണമെന്നും നിലവിലുള്ള ആർക്കിടെക്ചർവിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിസൈനിംഗ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**എസ്റ്റിമേറ്റ്**

(97) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രോജക്റ്റ് പൂർത്തിയാക്കാനുദ്ദേശിക്കുന്ന കാലാവധി, നിർമ്മാണവസ്തുക്കളുടെ വിലയിലുണ്ടാകുന്ന വർദ്ധനവ്, തൊഴിലാളികളുടെ വേതനം, മറ്റനുബന്ധച്ചെലവുകൾ എന്നിവ മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്. പദ്ധതികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യമുണ്ടാകുമ്പോൾ പലപ്പോഴും എസ്റ്റിമേറ്റ് നിരവധി തവണ റിവൈസ് ചെയ്യേണ്ടി വരുകയും എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭിക്കാൻ വളരെ കാലതാമസം നേരിടുകയും ചെയ്യും. അനുബന്ധച്ചെലവുകൾ മുൻകൂട്ടി കണക്കാക്കാത്തത് ഫണ്ടിന്റെ ലഭ്യതയ്ക്കുള്ള കാലതാമസത്തിന് ഇടയാക്കും. മറ്റ് വകുപ്പുകളുടെ വസ്തുവകകളിൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്. റെയിൽവേയുടെയും മറ്റും അനുമതി ലഭിക്കാത്തതിനാൽ പല പദ്ധതികളും ഇടയ്ക്കു വച്ച് നിർത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കണം. അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസംമൂലം കോൺട്രാക്ടർമാർ പദ്ധതികൾ ഉപേക്ഷിച്ചുപോകുന്ന അവസ്ഥയുണ്ട്. ഇത് വൻ സാമ്പത്തിക ബാദ്ധ്യതയ്ക്കും കാലതാമസത്തിനും കാരണമാകുന്നു. പ്രസ്തുത ബുദ്ധിമുട്ടുകൾ പല പദ്ധതികളുടെ കാര്യത്തിലും ഉണ്ടായതായി സമിതിയ്ക്ക് ബോദ്ധ്യമായിട്ടുള്ളതിനാൽ ഇവ മുൻകൂട്ടികണ്ട് പ്രോജക്റ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(98) ഏതൊരു പദ്ധതിയുടെയും ഡീറ്റെയിൽഡ് പ്രോജക്റ്റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ തന്നെ ഏതൊക്കെ വകുപ്പുകളുടെ സഹകരണം ഇതിലേക്ക് ആവശ്യമാണെന്ന് കണ്ടെത്തേണ്ടുന്നതും, അപ്രകാരം കണ്ടെത്തുന്ന വകുപ്പുകളുടെ വിദഗ്ധരേയും, തീരുമാനങ്ങൾ എടുക്കുവാൻ അധികാരം നിക്ഷിപ്തമായിട്ടുള്ള വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ക്കൊണ്ടുള്ള ഒരു കർമ്മ സമിതി രൂപീകരിക്കണമെന്നും ടി കർമ്മസമിതിക്ക് പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള അധികാരം നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ടെണ്ടർ നടപടികൾ**

(99) ഡാമുകളുടെയും മറ്റും നിർമ്മാണം സംബന്ധിച്ച ടെണ്ടർ വളരെ സുതാര്യമായിരിക്കണം. ഓൺലൈൻ ടെണ്ടർ സമർപ്പണം വ്യാപകമാക്കുന്നതിലൂടെ ഈ രംഗത്തുള്ള അഴിമതി തടയാനാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തണം. കാലതാമസം വരുത്തുന്ന സ്ഥാപനങ്ങളെ ഒഴിവാക്കണം. മതിയായ ഭൂമി ഏറ്റെടുക്കാതെയും വിശദമായ എസ്റ്റിമേറ്റും ഡി.പി.ആറും തയ്യാറാക്കാതെയും ടെണ്ടർ ക്ഷണിക്കുന്നത് ഒഴിവാക്കണമെന്നും ടെണ്ടറിനുമുമ്പുള്ള മുഴുവൻ നടപടികൾക്കും ശേഷം മാത്രം ടെണ്ടർ നടപടികൾ ആരംഭിക്കണമെന്നും വിലയിരുത്തിയ സമിതി ഇ-ടെണ്ടർ നടപടികൾ വ്യാപകമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**പദ്ധതി നിർവ്വഹണം**

(100) പദ്ധതി നിർവ്വഹണം കുറ്റമറ്റരീതിയിൽ നടത്തുന്നതിന് പരിചയസമ്പത്തും വൈദഗ്ധ്യവുമുള്ള തൊഴിലാളികളെ തെരഞ്ഞെടുക്കാൻ കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഏറ്റെടുക്കുന്ന ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നുവെന്നും അതോടൊപ്പം നിർമ്മാണവസ്തുക്കളുടെ ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടതാണ്.

(101) ഡാമുകളുടെയും അനുബന്ധകെട്ടിടങ്ങളുടെയും കനാലുകളുടെയും നിർമ്മാണത്തി നാവശ്യമായ ഭൂമി ഏറ്റെടുക്കുമ്പോൾ ആവശ്യമായ പുനരധിവാസ നടപടികൾ കൈക്കൊള്ളണ മെന്നും റെയിൽവേ, മറ്റു വകുപ്പുകൾ എന്നിവയുടെ ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ അവയുടെ മുൻകൂട്ടിയുള്ള അനുമതി നേടിയെടുക്കണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് തന്നെ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**വലുതും ചെറുതുമായ കനാലുകളുടെ സംരക്ഷണം**

(102) പല ജലസേചനപദ്ധതികളും പരിപൂർണ്ണ വിജയമാകാത്തതിനുള്ള പ്രധാനകാരണം കനാലുകളുടെ നിർമ്മിതിയിലെ അപാകതകളും അറ്റകുറ്റപ്പണികളുടെ അഭാവവുമാണ്. ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ വെള്ളമെത്തിക്കുന്നതിന് പല കനാലുകളും ഉപയുക്തമല്ല. കല്ലട പദ്ധതിയുടെ ഇടതുകരകനാൽ പൊളിഞ്ഞതു കാരണം വെള്ളമൊഴുക്ക് നിയന്ത്രിക്കേണ്ടി വന്നത് കൊല്ലം ജില്ലയിലെ പലഭാഗത്തും വെള്ളമെത്തുന്നതിന് തടസ്സമാകുന്നു. സബ് കനാലുകളെല്ലാം ഉപയോഗശൂന്യമാണ്. പൈപ്പുകളും വാൽവുകളും അശാസ്ത്രീയ മായതിനാൽ അവയിലൂടെ വെള്ളം ഒഴുകുന്നില്ല. കാടുകയറിയും മണ്ണിടിഞ്ഞും ചെളി നിറഞ്ഞും പല കനാലുകളും ഉപയോഗയോഗ്യമല്ലാതായി. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിലൂടെ ഇത് ഒഴിവാക്കാനാകും

(103) ഇടമലയാർ പ്രോജക്ടിന്റെ പ്രധാന കനാലിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. പലയിടത്തുമുള്ള നിരക്ക് വ്യത്യാസവും കോൺട്രാക്ടർ ജോലി നിർത്തിപ്പോയതു മൂലവും പദ്ധതി നടത്തിപ്പിൽ വളരെ കാലതാമസം നേരിടുന്നു. കനാലുകളുടെ ഇരുവശങ്ങളും സ്വകാര്യവ്യക്തികൾ കൈയേറിയ സംഭവങ്ങളും ധാരാളമുണ്ട്. കനാലുകളിൽ അടിഞ്ഞുകൂടുന്ന മണലും ചെളിയും യഥാസമയം നീക്കം ചെയ്ത് അറ്റകുറ്റപ്പണികൾ നടത്തുകയും ട്രയൽ റൺ നടത്തി വെള്ളം ഒഴുകുന്നത് പരിശോധിക്കുകയും ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(104) ഡാമുകളുടെ പ്രധാന കനാലുകളുടെയും ഉപകനാലുകളുടെയും റഗുലേറ്ററു കളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം ഉദ്ദേശിക്കുന്ന പല സ്ഥലങ്ങളിലും വെള്ളമെത്താത്ത അവസ്ഥ വ്യാപകമാണ്. കനാലുകൾ മണ്ണുടിഞ്ഞും ചെളി നിറഞ്ഞും കാടുപിടിച്ചും മറ്റും നശിക്കുന്നത് ഒഴിവാക്കാൻ കാലാകാലങ്ങളിൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തണമെന്നും ഇതിനായി ബഡ്ജറ്റിൽ ഒരു പുതിയ ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിക്കണമെന്നും വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിംഗ് ശക്തമാക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഡാമുകളിലെ മണൽവാരൽ**

(105) ഡാമുകളിൽ നിന്ന് മണൽവാരുന്നത് സംബന്ധിച്ച് അംഗീകൃത ഏജൻസികളെ ക്കൊണ്ട് ശാസ്ത്രീയ പഠനം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ ഡാമിലെയും

മണൽ നിക്ഷേപം സംബന്ധിച്ച അളവെടുക്കുകയും അത് അനുവദനീയമായ തോതിൽ നീക്കി മിതമായ വിലയ്ക്ക് ആവശ്യക്കാർക്ക് നൽകുകയും സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഉപയുക്തമാക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും. അമിതമായി മണൽ അടിയുന്നത് മൂലം ഡാമുകളുടെ സംഭരണശേഷി കുറയുകയും സുരക്ഷയ്ക്ക് ഭീഷണിയായി തീരുകയും ചെയ്യുന്നു. KERI പോലുള്ള സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ട് ഇക്കാര്യത്തിൽ പ്രയോജന പ്രദമായിരിക്കും. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മണൽ വാരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മലമ്പുഴ, മീങ്കര, ചുള്ളിയാർ എന്നിവിടങ്ങളിൽ മണൽ വാരുന്നതിന് KEMDEL പോലുള്ള സ്ഥാപനങ്ങളെ ഏർപ്പെടുത്തിയിട്ടുള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെന്മല ഡാമിൽ നിന്ന് മണൽ വാരി ഡീസിൽറ്റ് ചെയ്യാൻ തീരുമാനമുള്ളതായി മനസ്സിലാക്കുന്ന സമിതി മറ്റു ഡാമുകളുടെ റിസർവോയറുകളിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽ കൂടി വാരി ലേലം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും അതുവഴി സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും പൂർണ്ണ ജലസംഭരണശേഷി ഉറപ്പുവരുത്തണമെന്നും ശിപാർശ ചെയ്യുന്നു.

(106) ഡാമുകളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടത് അനിവാര്യമായതിനാൽ പദ്ധതി പ്രദേശങ്ങളിലെ ഭൂകമ്പം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച് മുൻകൂട്ടി പഠനം നടത്തുന്നതിന് CESS പോലുള്ള സ്ഥാപനങ്ങളെ ഏർപ്പെടുത്തണമെന്നും ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം ശക്തവും കാര്യക്ഷമവുമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(107) കമാന്റ് ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റിയുടെ കീഴിൽവരുന്ന സംസ്ഥാനത്തെ ജലസേചന പദ്ധതികളിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(108) ജവഹർലാൽ നെഹ്റു ഡാമുകളെ ക്ഷേത്രങ്ങളോട് ഉപമിച്ചത് ഡാമുകളുടെ പ്രസക്തി എടുത്തുകാട്ടുന്നു. പ്രകൃതിയുടെ വരദാനമായ ജലസമ്പത്ത് നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ജലസ്രോതസ്സുകൾ പരിപാലിക്കുകയും ജലസേചന പദ്ധതികൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുകയും ചെയ്യുവാൻ ആവശ്യമായ സത്വര നടപടികൾ ജലവിഭവ വകുപ്പ് സ്വീകരിക്കുമെന്നും വരുംതലമുറകൾക്കും ഇവ പ്രയോജന പ്രദമാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

## പ്രധാനപ്പെട്ട ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ |
|---|---|---|
| 1 | 2 | 3 |
| 1 | 15 | സംസ്ഥാന ജലസേചന വകുപ്പ് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ഇല്ലെങ്കിൽ അവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 2 | 16 | ജലത്തിന്റെ കുറവു മൂലവും മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണവും ശാസ്താംകോട്ട തടാകം നാശോന്മുഖമായികൊണ്ടിരിക്കുന്നത് കണക്കിലെടുത്ത് ശാസ്താംകോട്ട തടാകത്തിലെ ശുദ്ധജലം സംരക്ഷിക്കുന്നതിനും തടാകത്തിന്റെ പരിപാലനത്തിനും വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും ചവറ, പന്മന പദ്ധതിയുടെ പുതിയ ജലസ്രോതസ്സായ പള്ളിക്കൽ നദിയിൽ നിന്നും ജലം എടുക്കുന്നതിന് വകുപ്പ് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 3 | 18 | വകുപ്പിന്റെ കീഴിൽ നടക്കുന്ന വിവിധ പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രമേ സ്പിൽ ഓവർ സംവിധാനത്തിലൂടെ പദ്ധതികൾ പൂർത്തീകരിക്കുവാൻ ശ്രമിക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 21 | മേൽപ്പടി പട്ടികയിൽ വിവരിച്ച വൻകിട ഇടത്തരം പദ്ധതികളുടെ ഇനിയും കൈവരിക്കുവാനുള്ള ആയക്കെട്ട് ലക്ഷ്യം എത്രയും വേഗം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 24 | ഡാമുകളിലും കനാലുകളിലും അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണലും നീക്കം ചെയ്യുന്നതിന് ഡീസിൽറ്റിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 6 | 25 | കന്യാകുമാരി ജില്ലയിലെ വിളവൻകോട് താലൂക്കിന് ജലസേചന ആവശ്യത്തിന് ജലം വിട്ടുനൽകുന്നതിന് തമിഴ്നാട് സർക്കാർ 2012-ൽ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സിൽ സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 |
|---|---|---|
| 7 | 27 | കല്ലട ജലസേചന പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്നതിനായി സബ്കനാലുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 8 | 28 | കോടിക്കണക്കിന് രൂപ മുടക്കി പണി പൂർത്തിയാക്കിയതും വർഷം തോറും കോടികൾ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ചുവരുന്നതുമായ കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാലുകളുടേയും, അനുബന്ധ കനാലുകളുടേയും പൈപ്പുകളുടേയും ജലസേചന ആവശ്യത്തിനായുള്ള വാൽവുകളുടേയും സുരക്ഷയും പരിപാലനവും ജലസേചന വകുപ്പിന് ഉറപ്പാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അവയുടെ പരിപാലന ത്തിനായി പ്രസ്തുത കനാലുകൾ കടന്നുപോകുന്ന ഗ്രാമപഞ്ചായത്തു കളുടെ സഹകരണം കൂടി ഉറപ്പുവരുത്തുന്നതിനുള്ള നടപടി ജലസേചന വകുപ്പ് കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 9 | 29 | കല്ലട ജലസേചന പദ്ധതിയിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾ ക്കായി ഓരോ വർഷവും അനുവദിക്കുന്ന തുകയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 10 | 34 | മൂവാറ്റുപുഴ ജലസേചന പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും അല്ലെങ്കിൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുള്ള നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 11 | 35 | മലമ്പുഴ ജലസേചന പദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തണമെന്നും, കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും മാലിന്യവും നീക്കം ചെയ്ത് ജലസേചനം സുഗമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 12 | 38 | ചേരാമംഗലം പദ്ധതിയിലെ കനാലുകളുടെ കേടുപാടുകൾ അടിയന്തരമായി പൂർത്തീകരിച്ച് പദ്ധതിയുടെ സമ്പൂർണ്ണ പ്രയോജനം സുസാധ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 13 | 40 | ഡാമിന്റെയും കനാലിന്റെയും പരിപാലനത്തിനായി ഓരോ വർഷവും നിലവിൽ വരുന്ന പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സിന് ആനുപാതികമായി തുക വർദ്ധിപ്പിച്ച് ബഡ്ജറ്റിൽ വകയിരുത്തുന്ന തിന് ആവശ്യമായ നടപടികൾക്ക് വകുപ്പ് മുൻകൈ എടുക്കേണ്ട താണെന്ന് സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 |
|---|---|---|
| 14 | 43 | വാളയാർ ജലസേചന പദ്ധതിയിലേക്കുള്ള നീരൊഴുക്ക് തമിഴ്നാട് സർക്കാർ ബോധപൂർവ്വം തടയുന്നുവെങ്കിൽ ആയതിനെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 15 | 44 | സംസ്ഥാനത്തെ വിവിധ പദ്ധതികളുടെ വൃഷ്ടിപ്രദേശങ്ങളിൽ നിന്ന് തമിഴ്നാട് വെള്ളം ചോർത്തുന്നുണ്ടോയെന്ന് പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു സംയുക്ത കർമ്മസമിതി രൂപീകരിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 16 | 46 | പലകപ്പാണ്ടി ജലസേചന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ രണ്ടാം ഭാഗത്തിലെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 17 | 49 | 1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പിട്ടിട്ടുള്ള പറമ്പിക്കുളം-ആളിയാർ കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം നടത്താനുള്ള വ്യവസ്ഥയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് പ്രകാരം പുനരവലോകനം നടത്താത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുകയും കരാറിലെ വ്യവസ്ഥകൾക്ക് ആനുകാലികമായി മാറ്റം വരുത്തി കരാർ നവീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു |
| 18 | 50 | കുറ്റ്യാടി ജലസേചന പദ്ധതിയിൽ 43 മീറ്ററിനുമേൽ ജലം സംഭരിക്കുമ്പോൾ ചക്കിട്ടപ്പാറ പഞ്ചായത്തിൽ മുളകാട് പ്രദേശത്തെ 12 വീടുകളും 2.56 ഏക്കർ സ്ഥലവും മുങ്ങിപ്പോവുകയോ ഒറ്റപ്പെട്ടു പോവുകയോ ചെയ്യുമെന്ന് നിരീക്ഷിച്ച സമിതി ഒറ്റപ്പെട്ടുപോകുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും ഭൂമിക്ക് ന്യായവില നൽകണമെന്നും ശിപാർശ ചെയ്യുന്നു |
| 19 | 51 | കനാലിലെ സ്വീപ്പേജ് ലോസ്സ് കാരണം കോഴിക്കോട് ടൗണിന് വെള്ളമെത്തിക്കാൻ കഴിയാത്തത് വകുപ്പിന്റെ അനാസ്ഥയാണെന്ന് നിരീക്ഷിക്കുന്ന സമിതി കനാലിന്റെ പുനർനിർമ്മാണം ത്വരിതപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു |
| 20 | 53 | റവന്യൂ വരുമാനത്തിന്റെ നല്ലൊരുശതമാനം ചെലവഴിച്ചിട്ടും അതിനനുസൃതമായ പ്രയോജനം ലഭിക്കുന്നില്ലെന്നതിനാൽ ആയത് സംബന്ധിച്ച് വിശദമായ അവലോകനം നടത്തി നിജസ്ഥിതി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയുടെ സമ്പൂർണ്ണമായ പ്രയോജനം ലഭ്യമാകത്തക്ക വിധത്തിൽ സമയബന്ധിതമായി ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തി പൂർത്തിയാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 |
|---|---|---|
| 21 | 57 | ആറളം ഡാമിന്റെ കിഴക്കുഭാഗത്ത് തടയണ നിർമ്മിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| 22 | 59 | കാട്ടാമ്പള്ളി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഉദ്ദേശലക്ഷ്യം, പദ്ധതിയുടെ ലക്ഷ്യം നിറവേറ്റുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നും മതിയായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം പദ്ധതികൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 23 | 60 | കനാലുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വകുപ്പ് പ്രാധാന്യം നൽകണമെന്നും ജലവിതരണ കലണ്ടർ തീരുമാനിക്കുന്നത് ജനപങ്കാളിത്തത്തോടെ ആയിരിക്കണമെന്നും കനാലുകളിലൂടെ ജലം തുറന്നുവിടുന്നതിന് മുമ്പായി കനാലുകൾ വൃത്തിയാക്കി തടസ്സങ്ങൾ നീക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. ഓരോ വർഷവും മിക്ക സമയങ്ങളിലും പഴശ്ശി ജലസേചന പദ്ധതിയിൽ വെള്ളത്തിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ ഡാമിൽ വെള്ളം ശേഖരിക്കുന്നതിന് പ്രത്യേകശ്രദ്ധ നൽകണമെന്നും നവംബർ മാസം മുതൽ സംഭരണത്തിനുള്ള നടപടികൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 24 | 61 | കനാലുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി ജലവിതരണ ശൃംഖലകൾ പൂർണ്ണമായും നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് കൈക്കൊള്ളുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 25 | 62 | പദ്ധതിയ്ക്ക് വേണ്ടത്ര സാങ്കേതിക ജീവനക്കാരെ നിയമിക്കണമെന്നും പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 26 | 63 | ടി പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഈ പദ്ധതിയുടെ ആവശ്യത്തിലേയ്ക്കായി ഇനിയും ഏറ്റെടുക്കേണ്ടതായ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു |
| 27 | 69 | പാലക്കാട് ജില്ലയിലെ ഓരോ ജലസേചനപദ്ധതിയിൽ നിന്നും നിലവിൽ എത്ര കർഷകർക്ക് പദ്ധതിയുടെ ആരംഭം മുതലുണ്ടായിരുന്ന പ്രയോജനം ലഭിക്കുന്നുവെന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 |
|---|---|---|
| 28 | 72 | പറമ്പിക്കുളം പദ്ധതി പ്രദേശത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്കും, ഗ്രൗണ്ട് വാട്ടർ, വനം എന്നീ വകുപ്പുകളിലെ ജീവനക്കാർക്കും സ്പെഷ്യൽ പേ അനുവദിച്ചാൽ ഡി.എ. അനുവദിക്കില്ലെന്ന സർക്കാർ നിലപാട് പുനഃപരിശോധിക്കണമെന്നും പ്രസ്തുത ജീവനക്കാർക്കും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലെയും വനംവകുപ്പിലെയും ജീവനക്കാർക്കും സ്പെഷ്യൽ പേ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 29 | 73 | പറമ്പിക്കുളം പദ്ധതി പ്രദേശത്ത് തമിഴ്നാടിന്റെ കൈവശമുള്ള വനം വകുപ്പിന്റെ കുറച്ച് ഭൂമി തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 30 | 74 | പദ്ധതി പ്രദേശത്തുള്ള സർക്കാർ ഭൂമി അനധികൃതമായും നിയമ വിരുദ്ധമായും കൈയ്യേറ്റം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുവാനും കയ്യേറ്റ ഭൂമി സമയബന്ധിതമായി ഒഴിപ്പിക്കുവാനും ആവശ്യമായ കർമ്മ പരിപാടിക്ക് സർക്കാർ രൂപം കൊടുക്കണമെന്നും, ഇതിനാവശ്യമായ ജീവനക്കാരെയും അനുബന്ധ സൗകര്യങ്ങളും അടിയന്തരമായി ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 31 | 77 | കേരളത്തിനും തമിഴ്നാടിനും ലഭിക്കുന്ന ജലം അളന്ന് തിട്ടപ്പെടുത്തുന്ന സംയുക്തഗേജിംഗ് കാര്യക്ഷമമായി നടത്തുന്നതിനായി പാലക്കാട് ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിവിഷന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഓരോ സാമ്പത്തികവർഷവും മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തേണ്ട താണെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 32 | 78 | ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ആട്ടോമാറ്റിക് സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 33 | 79 | ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പാലക്കാടിന്റെ കീഴിൽ സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 34 | 82 | കേരളത്തിൽ ഇത്രത്തോളം സാമൂഹിക പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കുന്ന പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി ഉപേക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 |
|---|---|---|
| 35 | 89 | സ്കീംസ് ഇൻ പാമ്പാർ ബേസിൻ, മീനച്ചിൽ റിവർ വാലി പ്രോജക്ട് എന്നിവയുടെ കീഴിൽ പര്യവേഷണം നടത്തിയ പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 36 | 91 | ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ, 2013 നിയമമാക്കുന്നതിനും കേരളത്തിലെ നദികളുടെ സംരക്ഷണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് നദീ-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡുകൾ എന്നിവ രൂപീകരിക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| 37 | 92 | ഓരോ പദ്ധതിയുടെയും ആവശ്യകതയും അനുബന്ധമായ എല്ലാ സൗകര്യങ്ങളും സംബന്ധിച്ച് പഠനം നടത്തി ആവശ്യകതയ്ക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 38 | 96 | പ്രോജക്ടുകൾ വിഭാവനം ചെയ്യുമ്പോൾ ശാസ്ത്രീയമായ ഡിസൈനിംഗ് രീതി സ്വീകരിക്കണമെന്നും ഈ മേഖലയിൽ വൈദഗ്ധ്യമുള്ള എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ വ്യക്തമായ ഡിസൈനിംഗ് വിംഗ് രൂപീകരിക്കണമെന്നും നിലവിലുള്ള ആർക്കിടെക്ചർ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിസൈനിംഗ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 39 | 97 | റെയിൽവേയുടെയും മറ്റും അനുമതി ലഭിക്കാത്തതിനാൽ പല പദ്ധതികളും ഇടയ്ക്ക് വച്ച് നിർത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കണം. അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസംമൂലം കോൺട്രാക്ടർമാർ പദ്ധതികൾ ഉപേക്ഷിച്ചുപോകുന്ന അവസ്ഥയുണ്ട്. ഇത് വൻ സാമ്പത്തിക ബാദ്ധ്യതയ്ക്കും കാലതാമസത്തിനും കാരണമാകുന്നു. പ്രസ്തുത ബുദ്ധിമുട്ടുകൾ പല പദ്ധതികളുടെ കാര്യത്തിലും ഉണ്ടായതായി സമിതിയ്ക്ക് ബോദ്ധ്യമായിട്ടുള്ളതിനാൽ ഇവ മുൻകൂട്ടികണ്ട് പ്രോജക്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 40 | 98 | ഏതൊരു പദ്ധതിയുടെയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ തന്നെ ഏതൊക്കെ വകുപ്പുകളുടെ സഹകരണം ഇതിലേക്ക് ആവശ്യമാണെന്ന് കണ്ടെത്തേണ്ടുന്നതും, അപ്രകാരം കണ്ടെത്തുന്ന വകുപ്പുകളുടെ വിദഗ്ദ്ധരെയും, തീരുമാനങ്ങൾ എടുക്കുവാൻ അധികാരം നിക്ഷിപ്തമായിട്ടുള്ള വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കർമ്മ സമിതി രൂപീകരിക്കുകയും ടി കർമ്മസമിതിക്ക് പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള അധികാരം നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 |
|---|---|---|
| 41 | 99 | ഇ-ടെണ്ടർ നടപടികൾ വ്യാപകമാക്കണമെന്ന് ശിപാർശ ചെയ്യുന്നു |
| 42 | 101 | ഡാമുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും കനാലുകളുടെയും നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുമ്പോൾ ആവശ്യമായ പുനരധിവാസ നടപടികൾ കൈക്കൊള്ളണമെന്നും റെയിൽവേ, മറ്റു വകുപ്പുകൾ എന്നിവയുടെ ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ അവയുടെ മുൻകൂട്ടിയുള്ള അനുമതി നേടിയെടുക്കണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 43 | 104 | കനാലുകൾ മണ്ണടിഞ്ഞും ചെളി നിറഞ്ഞും കാട്ടുപിടിച്ചും മറ്റും നശിക്കുന്നത് ഒഴിവാക്കാൻ കാലാകാലങ്ങളിൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തണമെന്നും ഇതിനായി ബഡ്ജറ്റിൽ ഒരു പുതിയ ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിക്കണമെന്നും വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിംഗ് ശക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 44 | 105 | മറ്റു ഡാമുകളുടെ റിസർവോയറുകളിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽ കൂടി വാരി ലേലം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും അതുവഴി സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും പൂർണ്ണ ജലസംഭരണശേഷി ഉറപ്പുവരുത്തണമെന്നും ശിപാർശ ചെയ്യുന്നു |
| 45 | 106 | ഡാമുകളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടത് അനിവാര്യമായതിനാൽ പദ്ധതി പ്രദേശങ്ങളിലെ ഭൂകമ്പം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച് മുൻകൂട്ടി പഠനം നടത്തുന്നതിന് CESS പോലുള്ള സ്ഥാപനങ്ങളെ ഏർപ്പെടുത്തണമെന്നും ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം ശക്തവും കാര്യക്ഷമവുമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 46 | 107 | കമാന്റ് ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തെ ജലസേചന പദ്ധതികളിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |

എസ്. ശർമ്മ,

*അദ്ധ്യക്ഷൻ,*

*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2017 മാർച്ച് 15.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.